VOL NO: 04 | ISSUE 46
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 NOVEMBER 14 | 1442 RABIUL AWWAL 27 | ₹12

വാരിക

## ജീവവായു: ആസൂത്രിത സൃഷ്ടിപ്പ് നടന്നതിനുള്ള തെളിവ്

ഭൂമിയിൽ ജന്തുജാലങ്ങളുടെ നിലനിൽപ്പിന്ന് അനിവാര്യമായ ഘടകമാണ് ജീവവായു. ശ്വസിക്കാതെ ഒരു നിമിഷം പോലും നമുക്ക് ജീവിക്കാനാവില്ല. മനുഷ്യരെപോലെ ദശലക്ഷക്കണക്കിനു ജീവജാലങ്ങൾ നൂറ്റാണ്ടുകളായി ശ്വസിച്ചുകൊണ്ടിരിക്കുന്നു. ഈ ജീവവായു എവിടെ നിന്ന് വരുന്നു? എന്തുകൊണ്ട് അത് തീർന്നുപോകുന്നില്ല? എങ്ങനെയാണത് സംവിധാനിക്കപ്പെട്ടിട്ടുള്ളത്? ഈ രഹസ്യങ്ങളുടെ ഉള്ളറയിലേക്കുള്ള അന്വേഷണം നമ്മെ കൊണ്ടെത്തിക്കുന്നത് ഇതൊക്കെ ആസൂത്രിതമായി സംവിധാനിച്ചുവെച്ച അതിബുദ്ധിമാനായ ഒരു സ്രഷ്ടാവുണ്ട് എന്ന നിഗമനത്തിലേക്കാണ്.



- || പോസ്റ്റ് കോവിഡ് സിൻഡ്രോം
- || സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ
- || ദുർന്യായങ്ങളെ പ്രമാണമാക്കി നബിദിനമാഘോഷിക്കുന്നവർ

## അമേരിക്കയും അർണാബും ജനാധിപത്യവും

ജനാധിപത്യ ചർച്ചകൾ വീണ്ടും ചൂടുപിടിക്കുകയാണ്. രാജ്യത്തിന്റെ വികാരം മാനിക്കാതെ ഏകപക്ഷീയമായി സംസാരിക്കുന്ന ട്രമ്പ് പ്രസിഡണ്ട് പദവിക്ക് പുറത്തും, ചാനൽ ഫ്ളോറിൽ ധിക്കാരപരമായി സംസാരിക്കുന്ന അർണാബ് ‘അകത്തു’മായിരിക്കുകയാണ്. എന്താണ് ഇനി സംഭവിക്കാനുള്ളത്?

WISDOM students

# teenspace

## Secondary Students Conference

2020
November
**27,28,29**

peaceradio
Tune to reality

WISDOM students

CV Complex
PV Sami Road, Kozhikode
7560 902 902

7560 902 902
www.profcon.in
wisdomstudents
wisdomglobaltv




നേർപഥം
വാരിക

0200 / 2020 നവംബർ 14 / 1442 റബീഉൽ അവ്വൽ 27 / പുസ്തകം 04 / ലക്കം 46


# ജീവവായു: ആസൂത്രിത സൃഷ്ടിപ്പ് നടന്നതിനുള്ള തെളിവ്

ഡോ.സബീൽ പട്ടാമ്പി / 10


**മുഖമൊഴി**

പോസ്റ്റ് കോവിഡ് സിൻഡ്രോം / 06

**ജാലകം**

ഞെട്ടിത്തെറിക്കാതെ... / 07
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ ദർശനം**

മുംതഹിന, ഭാഗം: 5 / 16
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കഥ**

വിശപ്പ് / 19
ഉസ്മാൻ പി.എച്ച്

**ലേഖനം**

അമേരിക്കയും അർണാബും ജനാധിപത്യവും / 10
നബീൽ പയ്യോളി

മാതാപിതാക്കളുടെ അവകാശങ്ങൾ / 21
സയ്യിദ് സഅ്ഫർ സ്വാദിഖ്

ദുർന്യായങ്ങളെ പ്രമാണമാക്കി നബിദിനമാഘോഷിക്കുന്നവർ / 26
മൂസ സ്വലാഹി, കാര

സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ / 30
ദുൽക്കർഷാൻ അലനല്ലൂർ

**കവിത**

ചടങ്ങ് / 34
മുംതസിർ പെരിങ്ങത്തൂർ



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# ഇസ്‌ലാമോഫോബിയയുടെ പുതിയ വേർഷനുകൾ

ഇസ്‌ലാം എന്ന ദൈവികമതം തുടക്കം മുതൽ തന്നെ ശത്രുക്കളാൽ നിരന്തരം ഭത്സിക്കപ്പെട്ടിരുന്നുവെന്നത് ചരിത്രം. വർത്തമാനകാലത്ത് അത്തരം ഗൂഢതന്ത്രങ്ങൾ അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു. ഫ്രാൻസിലെ കാർട്ടൂണും മുംബൈയിലെ വീട് വാടകക്കുവേണ്ടിയുള്ള കുപ്രസിദ്ധ പരസ്യവും പുതിയ സംഭവ വികാസങ്ങളിൽ ചിലതാണ്.

സമുദായത്തെ നിരന്തരം പ്രകോപിക്കുക, അത്തരം പ്രകോപനങ്ങളുടെ ചൂണ്ടയിൽ കൊത്തുന്നവരെ ഉപയോഗിച്ച് ഇവരെല്ലാം വളരെ മോശം ആളുകളാണെന്ന് വരുത്തിത്തീർക്കുക. ഇതാണ് ഇവർ പയറ്റുന്ന കുതന്ത്രം.

ഇസ്‌ലാം സകല ചൂഷണങ്ങൾക്കും എതിരായി നിലകൊള്ളുന്ന ഒരാദർശമാണ്. പലിശയും മദ്യവും വ്യഭിചാരവും അടക്കമുള്ള എല്ലാതരം ചൂഷണങ്ങളെയും അധർമങ്ങളെയും ആഭാസങ്ങളെയും ഇസ്‌ലാം ശക്തമായി എതിർക്കുന്നു. അതിനാൽത്തന്നെ ഇസ്‌ലാം നിരന്തരം വിമർശിക്കപ്പെടുകയും എതിർക്കപ്പെടുകയും ചെയ്യുന്നുവെന്നതാണ് വസ്തുത.

മുസ്‌ലിം നാമധാരികൾ ചെയ്യുന്ന തെറ്റുകളുടെ ഉത്തരവാദിത്തം ഇസ്‌ലാമിന്റെ പറ്റിൽ എഴുതിവെക്കുന്നുവെന്നതാണ് നാം വർത്തമാന ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. മറ്റൊരു മതക്കാരൻ ചെയ്യുന്ന തെറ്റുകളെ അയാളുടെ മതത്തിന്റെ പേരിൽ ആരും വരവുവെക്കുന്നതായി നാം കാണുന്നില്ല. ഇത് നമ്മുടെ നാട്ടിലും ലോകത്താകമാനവും നാം കണ്ടുകൊണ്ടിരിക്കുന്ന ഒരു ദുഷ്പ്രവണതയാണ്.

ഇസ്‌ലാം ഒരുവിധ തീവ്രവാദത്തെയും അംഗീകരിക്കുന്നില്ല, പ്രോത്സാഹിപ്പിക്കുന്നുമില്ല. ആരാധനയിൽ പോലും തീവ്രത അരുതെന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. തീവ്രനിലപാടുകാരെ സമുദായനേതൃത്വം തള്ളിപ്പറഞ്ഞിട്ടേയുള്ളൂ. എത്രയോ സംഭവങ്ങൾ നമുക്ക് ഉദാഹരണമായി എടുത്തു പറയാൻ കഴിയും.

ഇസ്‌ലാം സമാധാനം പ്രസരിപ്പിക്കുന്ന മതമാണ്. ശാന്തവും സമാധാനപൂർണവുമായ ജീവിതാവകാശത്തിന്റെ മൗലികതയിലേക്കാണ് ഇസ്‌ലാം വിരൽ ചൂണ്ടുന്നത്. ജീവിക്കാൻ അർഹതയുള്ള ഒരു ജീവിയുടെയും ജീവൻ അപഹരിക്കാനോ അപകടപ്പെടുത്താനോ പാടില്ലെന്ന് ഇസ്‌ലാം നിഷ്‌കർശിക്കുന്നു. അതുകൊണ്ടാണ് ശിക്ഷാ നിയമങ്ങളിൽ കൊലപാതകത്തിന് കടുത്ത ശിക്ഷ നിശ്ചയിച്ചിരിക്കുന്നതെന്ന് നാം തിരിച്ചറിയണം.

ക്വുർആൻ ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കൽപിക്കുന്നില്ല. എന്നിട്ടും ലോകത്തെവിടെയെങ്കിലും തീവ്രവാദികളാൽ നിരപരാധികൾ കൊല്ലപ്പെട്ടാൽ അത് ക്വുർആനിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടു ചെയ്യുന്നതാണ് എന്ന് ചില സ്ഥാപിത താൽപര്യക്കാർ ആക്രോശിക്കാറുണ്ട്.

എന്നാൽ ക്വുർആൻ പറയുന്നത് കാണുക: "മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു" (3:32).

ഒരു തരത്തിലുള്ള അവകാശ ലംഘനവും മതം അനുവദിക്കുന്നില്ല. ഭീകരത പ്രത്യക്ഷപ്പെടുന്നത് ആരിൽ നിന്ന് എന്നതിനെ ആശ്രയിച്ചല്ല ഇസ്‌ലാം നിലപാടുകൾ നിർണയിച്ചിട്ടുള്ളത്. സമൂഹത്തിൽ അസമാധാനവും അസ്വസ്ഥതകളും അരക്ഷിതാവസ്ഥയും ഇളക്കിവിടുന്ന പ്രവർത്തനം ആരിൽനിന്നായാലും ഇസ്‌ലാം അംഗീകരിക്കുന്നില്ല. എല്ലാവിധ ഭീകരതകളെയും തീവ്രവാദത്തെയും അത് നിരാകരിക്കുകയാണ് ചെയ്യുന്നത്; വ്യക്തികളായാലും സംഘങ്ങളായാലും ശരി.

തീവ്രവാദത്തിന്റെയും ഭീകരതയുടെയും സീലടിച്ച് മുസ്‌ലിംസമുദായത്തെയും ഇസ്‌ലാമിനെയും ഇകഴ്ത്താനും നശിപ്പിക്കാനും ശ്രമിക്കുന്നത് വാസ്തവത്തിൽ ഭീകരതയുടെ മറ്റൊരു വേർഷനാണ്.

ജിവിതവും മരണവും യാദൃച്ഛികമല്ലെന്നും മനുഷ്യന്റെ കർമങ്ങൾ ഒരിക്കൽ വിചാരണ ചെയ്യപ്പെടുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു. ജീവിതവും മരണവും യാഥാർഥ്യമാണെന്നതു പോലെ പരലോകവും സത്യമത്രെ. ആണായാലും പെണ്ണായാലും, ധനികനായാലും ദരിദ്രനായാലും, രാജാവായാലും പ്രജയായാലും സ്വന്തം കർമങ്ങൾ കൊണ്ടേ അവിടെ രക്ഷ ലഭിക്കുകയുള്ളൂ.

**-അബ്ദുൽ ഗഫൂർ, പൂങ്ങാടൻ ജിദ്ദ**

മുഖമൊഴി

# പോസ്റ്റ് കോവിഡ് സിൻഡ്രോം

കൊറോണ എന്ന വൈറസ് ചൈനയിൽ ഉടലെടുത്തിട്ട് ഒമ്പതുമാസം കഴിഞ്ഞു. ഇന്ന് അത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിക്കഴിഞ്ഞിരിക്കുന്നു. ലോകത്ത് 5 കോടിയിൽ പരം ആളുകളെ അത് ബാധിക്കുകയും 12.6 ലക്ഷം പേർ മരണമടയുകയും ചെയ്തതായാണ് നവംബർ 8ലെ കണക്ക്. കേരളത്തിൽ കോവിഡ് ബാധിച്ച നാലു ലക്ഷത്തിലധികം പേർ അതിൽനിന്നും മുക്തിനേടിയിട്ടുണ്ട്. 81,000ൽ അധികം പേർ ഇപ്പോൾ രോഗബാധിതരായുണ്ട്. 1692 പേർ മരണപ്പെടുകയും ചെയ്തു.

കൊറോണയുടെ വ്യാപനം മുന്നോട്ടു തന്നെയാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. ദൂരെയെങ്ങോ കൊറോണ ബാധിതരുള്ളതായി കേട്ടപ്പോൾ നമ്മളൊക്കെ വല്ലാതെ ഭയന്നു. പുറത്തിറങ്ങാൻ മടിച്ചു. എന്നാൽ ഇന്ന് നാം വസിക്കുന്ന ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും മുക്കുമൂലകളിൽ കോവിഡ് കേസുകൾ എത്തിക്കഴിഞ്ഞു. 108 ആംബുലൻസ് ഇടവഴികളിലൂടെ പാഞ്ഞുപോകുന്നത് നിത്യക്കാഴ്ചകളായി മാറി. പക്ഷേ, നമ്മുടെ ഭയം എങ്ങോപോയി മറഞ്ഞിരിക്കുന്നു. കൂടുതൽ മുൻകരുതലെടുക്കുകയും സൂക്ഷ്മത കാണിക്കുകയും ചെയ്യേണ്ട സമയത്ത് ലാഘവത്വം കാണിക്കുന്നു. ഇനിയും കൊറോണ എന്നു പറഞ്ഞ് വീട്ടിലിരുന്നാൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാനാവില്ല എന്ന ചിന്തയായിരിക്കാം പ്രധാന കാരണം. സർക്കാരിന്റെ ഭാഗത്തുനിന്നും അൽപം അയവു വന്നതും കാരണമാണ്.

കോവിഡ് ബാധിച്ച ബഹുഭൂരിപക്ഷവും അതിൽനിന്ന് മുക്തരായിട്ടുണ്ടെങ്കിലും അവർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടെന്നാണ് വിദഗ്ധപക്ഷം. കോവിഡ് വന്നുപോയ നാൽപതു വയസ്സു കഴിഞ്ഞവർ മറ്റുരോഗങ്ങളില്ലെങ്കിൽ പോലും തുടർപരിശോധനകൾ നടത്തുകയും ആവശ്യമായ മരുന്നുകൾ കഴിക്കുകയും കോവിഡ് രോഗകാലത്ത് എന്തൊക്കെ മരുന്നുകളാണോ കഴിച്ചിരുന്നത് എന്നതിന്റെ കൃത്യമായ രേഖകൾ ചികിത്സ ലഭിച്ചിടത്തുനിന്നു വാങ്ങി സൂക്ഷിക്കണമെന്നും വിദഗ്ധർ പറയുന്നു. കോവിഡ് വന്നുപോയവർക്കായി കോവിഡ് അനന്തര ചികിത്സാസംവിധാനത്തിന് സർക്കാർ രൂപംകൊടുത്തിട്ടുണ്ട്.

കേരളത്തിൽ 4 ലക്ഷത്തിലധികം പേർക്ക് കോവിഡ് പോസിറ്റീവാകുകയും പിന്നീട് നെഗറ്റീവാകുകയും ചെയ്തു എന്ന് സൂചിപ്പിച്ചുവല്ലോ. കോവിഡ് സ്ഥിരീകരിക്കാതിരിക്കുകയും എന്നാൽ രോഗം വന്നുപോകുകയും ചെയ്തവർ ഇതിന്റെ പതിൻമടങ്ങ് ഉണ്ടാകുമെന്നാണ് നിഗമനം.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സൂപ്രണ്ടായ ഡോ. എസ്. സന്തോഷ് കുമാറിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ചിക്കുൻ ഗുനിയയും ഡെങ്കിപ്പനിയും ഉൾപ്പെടെയുള്ള വൈറസ് രോഗങ്ങൾക്കു രോഗശേഷമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. പക്ഷേ, അവയൊന്നും ജീവനെ ഹാനികരമായി ബാധിക്കുന്നവയല്ല. കോവിഡ് അങ്ങനെയല്ല. രക്തക്കുഴലുകളിൽ ചെറിയതോതിൽ രക്തം കട്ടപിടിക്കാൻ കൊറോണ വൈറസ് കാരണമാകുന്നുണ്ട്. വളരെ ചെറിയ തരികളാണു രൂപംകൊള്ളുന്നതെങ്കിലും അവ രക്തക്കുഴലുകളിലൂടെ പല സ്ഥലങ്ങളിലെത്തി അടിഞ്ഞ് വലുതായി ആ ഭാഗത്തെ തകരാറിലാക്കുന്നു. തലച്ചോറിലേക്കുള്ള രക്തക്കുഴലുകളിലാണ് ഇതു സംഭവിക്കുന്നതെങ്കിൽ പക്ഷാഘാതത്തിനും ഹൃദയത്തിലേക്കുള്ള രക്തക്കുഴലുകളിലാണെങ്കിൽ ഹൃദയാഘാതത്തിനും കാരണമാകും. ശ്വാസകോശം, വൃക്ക, കരൾ, പാൻക്രിയാസ് തുടങ്ങിയ അവയവങ്ങളെല്ലാം ഈ തരത്തിൽ അപകടത്തിലാകാം. രക്തക്കുഴലുകളിൽ അടിയുന്ന തരികൾ എത്രത്തോളമുണ്ടെന്നതും അത് എത്രനാൾ നിലനിൽക്കുന്നുവെന്നതും രോഗതീവ്രത നിശ്ചയിക്കുന്ന ഘടകങ്ങളാണ്. കൊറോണ വൈറസ് ശരീരത്തിൽനിന്നു പോയാലും ഈ പ്രശ്നങ്ങൾ നിലനിന്നെന്നുവരാം. നേരത്തെ എന്തെങ്കിലും അസുഖമുണ്ടെങ്കിൽ ആ അസുഖം മൂർഛിക്കാനായിരിക്കും കോവിഡ് കാരണമാകുക. പ്രമേഹമുള്ളവരിൽ അതുണ്ടാക്കുന്ന പ്രശ്നം അവയയവങ്ങളിലേക്കു വ്യാപിക്കാൻ കോവിഡ് കാരണമാകും. രോഗം ഉണ്ടാക്കുന്ന രീതി കോവിഡിന്റെ വിഷയത്തിൽ ഒരുപോലെയാണെങ്കിലും അത് വിവിധ അവയവങ്ങളെ ബാധിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ വ്യത്യസ്തമായിരിക്കും."

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# ഞെട്ടിത്തെറിക്കാതെ...

'ഞെട്ടിത്തരിച്ചുപോയി' എന്ന് കേൾക്കുമ്പോൾ പണ്ടൊക്കെ ഒന്ന് പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു. കാരണം ഞെട്ടേണ്ട കാര്യങ്ങൾ അപൂർവമായേ അന്ന് ഉണ്ടാകാറുള്ളൂ. എന്നാൽ ഇന്ന് അങ്ങനെയല്ല. എല്ലാ ദിവസവും ഞെട്ടേണ്ട കാര്യങ്ങളേ കേൾക്കുന്നുള്ളൂ! ഒരു ഞെട്ടലിന്റെ വിറയൽ മാറുന്നതിന്നുമുമ്പ് പിന്നെയും പിന്നെയും ഞെട്ടേണ്ടി വരുന്നു! നിഗമനങ്ങളും കണക്കുകൂട്ടലുകളും സമവാക്യങ്ങളും ഏതുനിമിഷവും മാറിക്കൊണ്ടേയിരിക്കുകയാണ്. രാഷ്ട്രീയ, മത രംഗങ്ങളിലെ പുതിയ പുതിയ വാദങ്ങളും കൂട്ടിക്കിഴിക്കലുകളും കാണുമ്പോൾ ഞെട്ടാൻ പോലും നേരമില്ലാതെ സ്തംഭിച്ചുപോകുന്നു!

സ്ഥായിയാണെന്ന് വിചാരിച്ചിരുന്ന മത-രാഷ്ട്രീയ ധർമങ്ങൾ ഒരു കൂസലുമില്ലാതെ ലംഘിക്കപ്പെടുന്നു. സുരക്ഷിതമെന്ന് കരുതപ്പെട്ടിരുന്ന ഭരണഘടനാവകാശങ്ങളും നീതിലഭ്യതയും പച്ചയായി വലിച്ചുകീറപ്പെടുന്നു. 'അവിഹിതബന്ധം,' 'സത്യം വ്യഭിചരിക്കപ്പെടുക' എന്നിങ്ങനെയുള്ള മലയാള പ്രയോഗങ്ങൾക്ക് ഒരു കാലത്ത് മാനവികമായ സനാതന മൂല്യങ്ങളുടെ പിൻബലമുണ്ടായിരുന്നു. എന്നാൽ 'ഉഭയകക്ഷി സമ്മത'ത്തോടെയുള്ള ലൈംഗികവേഴ്ച നിയമവിരുദ്ധമല്ലാതായതോടെ പിന്നെ അവിഹിതം, വ്യഭിചാരം എന്ന പ്രയോഗത്തിന്നു എന്ത് പ്രസക്തിയാണ്? എല്ലാം ഹിതവും ആചാരവുമായി മാറി! ഈ 'തലതിരിഞ്ഞ നൈതികത'യാണ് എല്ലാ രംഗങ്ങളിലും കാണപ്പെടുന്നത്.

നബിﷺയുടെ ഒരു പ്രവചനം കാണുക: "...നാശങ്ങൾ വരാനിരിക്കുന്നുണ്ട്. രാവിലെത്തെ വിശ്വാസി വൈകുന്നേരം അവിശ്വാസിയായി മാറും. വൈകുന്നേരത്തെ വിശ്വാസി രാവിലെ അവിശ്വാസിയായി മാറിയിട്ടുണ്ടാവും. തുഛമായ ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി തന്റെ മതത്തെ അവൻ വിൽപന നടത്തിക്കൊണ്ടിരിക്കും" (മുസ്‌ലിം).


സത്യവും ധർമവും മാറ്റിവെച്ച് താൽക്കാലിക നേട്ടങ്ങളെ കയ്യിലൊതുക്കുന്നതിനെപ്പറ്റിയാണ് നബിﷺ താക്കീതു ചെയ്യുന്നത്. ഇന്നലെകളിലെ ഹറാമും ശിർക്കും കുഫ്‌റും ഇന്ന് ഹലാലും അനിവാര്യതയുമായും, മറിച്ചും മാറിക്കൊണ്ടിരിക്കുന്ന അവസ്ഥ മതരംഗങ്ങളിൽ പോലും നാശം വിതക്കുമെങ്കിൽ, മതത്തിന്നും വേദത്തിന്നും പ്രസക്തിയില്ലാത്ത ഭൗതിക-രാഷ്ട്രീയ മേഖലകളിൽ സമവാക്യങ്ങൾ പരിഹാസ്യമാം വിധം മാറിക്കൊണ്ടിരിക്കുന്നതിൽ ഞെട്ടാനൊന്നുമില്ല.

ഊക്കും അധികാരവുമുണ്ടായാൽ ഏത് സത്യ, നൈതിക ധർമങ്ങളെയും തട്ടിമാറ്റി തൽക്കാലം താൽപര്യങ്ങൾ നിലനിർത്താനായേക്കും. നീണ്ടനാവും കുറച്ചു കൗശലവുമുണ്ടായാൽ ഏതു പഞ്ഞിക്കെട്ടിനെയും സ്വർണക്കട്ടികളാക്കി ചിത്രീകരിക്കാനും പറ്റിയേക്കും. താൽക്കാലിക നേട്ടങ്ങളിൽ അഭിരമിച്ചും ഭവിഷ്യത്തുകളെപ്പറ്റി ആലോചിക്കാതെയും എന്തു കൈകാര്യം ചെയ്താലും പിന്നീട് ഖേദിക്കേണ്ടിവരുമെന്ന ചരിത്രപാഠം ഓർക്കുന്നത് എല്ലാവർക്കും നല്ലതാണ്.

മതരംഗമാവട്ടെ, രാഷ്ട്രീയരംഗമാവട്ടെ സമൂഹം ഇടപെടുന്ന ഏത് മേഖലയിലും കൃത്യമായ നിലപാടും സത്യധർമങ്ങളോടുള്ള പ്രതിബദ്ധതയും സൂക്ഷിക്കുകയാണ് നിലനിൽപിന്നു നല്ലത്. കലുഷിതമായ അന്തരീക്ഷത്തിൽ പ്രത്യേകിച്ചും നാമതു ശ്രദ്ധിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഒരു തെരഞ്ഞെടുപ്പിന്റെ വക്കിലാണ് ഇപ്പോൾ നാട്. ലോക്ഡൗണിന്റെ ശാന്തതമാറി, നാടും മനസ്സും ഇളകുന്ന നാളുകളാണ് മുന്നിൽ. അന്ധമായ രാഷ്ട്രീയ തരംഗങ്ങളല്ല, നീതിയും സത്യവും സേവന മനസ്സുമുള്ള വ്യക്തികളാണ് ഈ സന്ദർഭത്തിലെ ഏറ്റവും വലിയ നൈതികത. ഈ സദ്ഗുണങ്ങളാവട്ടെ വ്യക്തിനിഷ്ഠമാണുതാനും.

ഈജിപ്ത്യൻ സാഹിത്യകാരനായ മുസ്തഫ ലുത്ഫി പറയുന്ന ഒരു കഥയുടെ സാരം ഇതാണ്: പരസ്പരം പോരടിക്കുന്ന രണ്ടു കക്ഷികൾക്കുവേണ്ടി അങ്ങാടിയിൽ രണ്ടുപേർ രൂക്ഷമായി ഏറ്റുമുട്ടുന്നു. അണികൾ ചേരിതിരിഞ്ഞ് ഇരുവരെയും പ്രോത്സാഹിപ്പിക്കുന്നു. അവസാനം രണ്ടുപേരും അവശരായി പിരിഞ്ഞുപോകുന്നു. അണികളും അവരുടെ വഴിക്ക് പോയി. എന്നാൽ ആ രണ്ടുപേരും ചെന്നുകയറുന്നത് ഒരേ കുടിലിലേക്കാണ്. പിന്നീട് ഒരു ഉമ്മ വിളമ്പിക്കൊടുക്കുന്ന ഭക്ഷണം രണ്ടുപേരും ഒരേ പാത്രത്തിൽ നിന്നു വാരിത്തിന്നുന്നു. പിന്നീട് ഇരുവരും ഒരു പായയുടെ രണ്ടറ്റങ്ങളിൽ അവശരായി കിടന്നുറങ്ങുന്നു. ഒരു ഉമ്മയുടെ മക്കൾ അങ്ങാടിയിൽ ആർക്കോവേണ്ടി ഏറ്റുമുട്ടിയതായിരുന്നു!

ഇതാവരുത് ആരുടെയും രാഷ്ട്രീയം. ഇങ്ങനെയാവരുത് സാമൂഹ്യബന്ധം.



# അമേരിക്കയും അർണാബും ജനാധിപത്യവും

ലേഖനം

നബീൽ പയ്യോളി
nabeelpayyoly@gmail.com

പതിവിൽനിന്നും വിപരീതമായി അമേരിക്കയിലെ തെരഞ്ഞെടുപ്പ് ലോകം മുഴുവൻ ചർച്ച ചെയ്യുകയാണ്. റിപ്പബ്ലിക്കൻ പാർട്ടി നേതാവും നിലവിലെ പ്രസിഡന്റുമായ ട്രമ്പിനെ ബഹുദൂരം പിന്നിലാക്കിക്കൊണ്ടാണ് ഡമോക്രാറ്റ് പ്രതിനിധി ജോ ബൈഡൻ അമേരിക്കയുടെ അമരത്തെത്തുന്നത്. ട്രമ്പും പാർട്ടിയും കണക്ക് കൂട്ടിയതിനെക്കാൾ വലിയ പരാജയമാണ് അവർക്ക് നേരിടേണ്ടി വന്നതെന്നാണ് വിലയിരുത്തൽ. റിപ്പബ്ലിക്കൻ പാർട്ടിക്ക് അപ്രമാദിത്വം ഉണ്ടായിരുന്ന പലയിടങ്ങളിലും ട്രമ്പ് പരാജയം നുണഞ്ഞു. എന്തായാലും അമേരിക്കയുടെ ചരിത്രത്തിൽതന്നെ ഏറെ ചർച്ചചെയ്യപ്പെട്ട തെരഞ്ഞെടുപ്പാണ് നടന്നത്. നടപടികൾ പൂർത്തിയാക്കി ബൈഡൻ അധികാരത്തിലെത്താൻ ഇനിയും ആഴ്ചകൾ ഉണ്ട്. കേവല ഭൂരിപക്ഷം എന്ന മാസ്മരിക സംഖ്യ മറികടന്നത് ബൈഡൻ അമേരിക്കയുടെ പ്രഥമ പൗരനായി മാറി.

ലോകപോലീസിന്റെ അമരത്ത് ആരു വന്നാലും വലിയ മാറ്റങ്ങൾ ഉണ്ടാകാൻ പോകുന്നില്ലെന്ന് വിലയിരുത്തുന്നവരുണ്ട്. 'തമ്മിൽ ഭേദം തൊമ്മൻ' എന്ന നിലപാടാണ് പലർക്കും. ലോകത്തെ അടക്കിവാഴാനും മറ്റു രാജ്യങ്ങളെ തങ്ങളുടെ അജണ്ടകളിൽ തളച്ചിടാനും എന്നും അമേരിക്ക ശ്രമിച്ചു പോന്നിട്ടുണ്ട്. അതിൽനിന്നും വലിയ മാറ്റങ്ങൾ ഉണ്ടാവും എന്ന അമിതപ്രതീക്ഷ അസ്ഥാനത്താണ്. എന്നാലും ബൈഡന്റെ ഇടപെടലുകളും സംസാരങ്ങളും പ്രഖ്യാപനങ്ങളും കേൾക്കുമ്പോൾ പാരസ്പര്യത്തിലൂന്നിയ ഭരണമായിരിക്കും കാഴ്ചവെക്കുക എന്ന് പ്രതീക്ഷിക്കാം. ഏകാധിപത്യവും വെറുപ്പും കൈമുതലാക്കി ഭരണം നടത്തിയവർ അനുഭവിച്ച അനിവാര്യപതനത്തിന്റെ ചരിത്രം വസ്തുതകളുടെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നവർക്ക് വലിയ പാഠമാണ്.

അതിദേശീയതയും വർണ, വർഗ വെറിയും വിദ്വേഷ നിലപാടുകളുമാണ് ട്രമ്പിന്റെ ഭരണത്തിനുകീഴിൽ അമേരിക്കയിൽ അരങ്ങേറിയത്. ലോകത്തെ പിടിച്ചുകുലുക്കിയ മഹാമാരിക്കാലത്ത് അമേരിക്കയുടെ ഭരണാധികാരി എടുത്ത നിലപാടുകളും സമീപനങ്ങളും മനുഷ്യത്വരഹിതവും അപക്വവുമായിരുന്നു. അതുകൊണ്ട് തന്നെ കോവിഡ് ബാധിതരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്താണ് അമേരിക്ക; മരണത്തിന്റെ കാര്യത്തിലും! തീർത്തും നിരുത്തരവാദപരമായ സമീപനമായിരുന്നു ട്രമ്പും കൂട്ടരും കോവിഡ് കാലത്ത് സ്വീകരിച്ചത്. സ്വന്തം ജനതയുടെ ജീവൻ രക്ഷിക്കുന്നതിന് പകരം മറ്റുള്ളവരെ പഴിചാരിയും പ്രതിരോധ പ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന നിലപാടുകൾ എടുത്തും ലോകത്തിന് മുന്നിൽ അമേരിക്കയുടെ മുഖം വികൃതമാക്കി. ചൈനയടക്കമുള്ള രാജ്യങ്ങളുമായി കൊമ്പുകോർത്തു, ലോകാരോഗ്യ സംഘടനയിൽ നിന്നും പിന്മാറി... അങ്ങനെ അധികാരത്തിന്റെ ഹുങ്കിൽ സ്വന്തം ജനതയെ മരണത്തിലേക്ക് തള്ളിവിട്ട ഭരണാധികാരിയായി ട്രമ്പിനെ ലോകം വിലയിരുത്തുന്നു. പൊതുജനാരോഗ്യം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ അമേരിക്കൻ ഭരണകൂടം കാണിച്ച കുറ്റകരമായ വീഴ്ചകൾ ആ നാടിനെ ശവപ്പറമ്പാക്കി മാറ്റി. ശത്രുരാജ്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന വെറുപ്പിന്റെ വ്യാപരികളാൽ സ്വന്തം നാട്ടിലെ അനേകം പേർക്ക് ജീവൻ നഷ്ടമായി എന്നത് അമേരിക്കയുടെ ചരിത്രത്തിലെ കറുത്ത ഏടുകളായി അവശേഷിക്കും.

ചില പ്രത്യേക പ്രദേശങ്ങളിൽനിന്നുള്ള കുടിയേറ്റക്കാരെ തടയുന്നതിനും നാടുകടത്തുന്നതിനും വേണ്ടി കൊണ്ടുവന്ന നിയമങ്ങൾ മാനവിക മൂല്യങ്ങൾക്ക് നിരക്കാത്തവയായിരുന്നു. മെക്സിക്കൻ അതിർത്തിയിൽ മതിൽ കെട്ടാനുള്ള തീരുമാനവും മനുഷ്യത്വരഹിതമായിരുന്നു. വർണവെറിയുടെ ബലിയാടായി മാറിയ ജോർജ് ഫ്ളോയിഡ് എന്ന കറുത്തവർഗക്കാരൻ, പോലീസിന്റെ കാൽമുട്ടിൽ ഞെരിഞ്ഞമർന്ന് 'എനിക്ക് ശ്വാസം മുട്ടുന്നു' എന്ന് വിളിച്ചുപറയുന്ന രംഗം മനുഷ്യത്വം തെല്ലെങ്കിലും അവശേഷിക്കുന്നവരെ ഇന്നും അലട്ടിക്കൊണ്ടിരിക്കുന്നു. ജോർജ് ഫ്ളോയിഡിന്റെ മരണത്തിൽ കത്തിയാളിയ പ്രതിഷേധങ്ങൾ അമേരിക്കൻ തെരുവുകളെ പ്രകമ്പനം കൊള്ളിച്ചു. അങ്ങനെ ലോകം ശ്രദ്ധിച്ച നിരവധി മനുഷ്യത്വ വിരുദ്ധ നിലപാടുകളും നയങ്ങളും സ്വീകരിക്കുകയും അത് അലങ്കാരമായി കാണുകയും ആ നിലപാടുകളുടെ പ്രചാരകനും പ്രയോക്താവുമായി നിലകൊള്ളുകയും ചെയ്ത ട്രമ്പിനെതിരെ അമേരിക്കക്ക് അകത്തും പുറത്തും ജനവികാരം നിലനിന്നിരുന്നു എന്നതാണ് ഈ തെരഞ്ഞെടുപ്പിനെ ലോകം ചർച്ച ചെയ്യുന്ന നിലയിലേക്കെത്തിച്ചത്.

ജനജീവിതത്തെ സാരമായിബാധിച്ച ഒട്ടനവധി പ്രശ്നങ്ങൾ അമേരിക്കൻ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു. ഫാഷിസ്റ്റ് ഭരണകൂടത്തിനെതിരെയുള്ള വികാരം വോട്ടായി മാറി. ആ ഭരണാധികാരിയുടെ പതനം അമേരിക്കൻ ജനത വോട്ടെന്ന, ജനാധിപത്യത്തിലെ ഏറ്റവും മൂർച്ചയേറിയ അസ്ത്രം പ്രയോഗിച്ചു ഉറപ്പാക്കി. ലോകം കൊതിച്ചൊരു ഭരണമാറ്റമാണ് അമേരിക്കയിൽ ഉണ്ടായത്. ജനവികാരം വോട്ടാക്കി മാറ്റുന്നതിൽ ഡമോക്രാറ്റുകൾ വിജയിച്ചു. ഭിന്നിപ്പിക്കാനല്ല ഒന്നിപ്പിച്ചു ഭരിക്കാനാണ് താൻ ശ്രമിക്കുകയെന്നും ട്രമ്പ് ഭരണകൂടം നടപ്പിലാക്കിയ ജനവിരുദ്ധ നയങ്ങൾ റദ്ദ് ചെയ്യുമെന്നുമുള്ള ബൈഡന്റെ പ്രഖ്യാപനങ്ങൾ ആശാവഹമാണ്. മുസ്‌ലിം മതവിശ്വാസികൾക്ക് മറ്റേതു മതക്കാരെയും പോലെത്തന്നെ ആത്മാഭിമാനത്തോടെ ജീവിക്കാൻ സാഹചര്യം ഒരുക്കുമെന്നും കുടിയേറ്റ നിയമം പരിഷ്‌കരിക്കുമെന്നും വർണ, വർഗ വ്യത്യാസമന്യെ രാജ്യത്തെ ജനതയെ ഒന്നായിക്കാണുകയും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുമെന്നുമുള്ള പ്രഖ്യാപനങ്ങൾ യാഥാർഥ്യമാകും എന്നതാണ് സന്മനസ്സുകൾ പ്രതീക്ഷിക്കുന്നത്. പ്രഖ്യാപനങ്ങൾക്കപ്പുറം നടപടികളും പ്രായോഗിക സമീപനങ്ങളും ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

> **ഇന്ത്യയും അമേരിക്കയും തമ്മിൽ സമാനതകൾ ഏറെയുണ്ട്. എന്നാൽ ഫാഷിസ്റ്റ് മനോഭാവം പേറുന്ന ഭരണാധികാരികളാണ് രണ്ട് രാജ്യങ്ങളും ഭരിക്കുന്നതെന്ന സമാനതയാണ് ഇന്ത്യൻജനത തെരഞ്ഞെടുപ്പിനെ ഇത്രമേൽ ചർച്ചക്ക് വിധേയമാക്കാൻ കാരണം. നരേന്ദ്ര മോഡിയും ട്രമ്പും രാജ്യത്തെ ഭിന്നിപ്പിക്കുന്ന കാര്യത്തിലും ക്ഷേമപ്രവർത്തനങ്ങളിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയുടെ കാര്യത്തിലും കോവിഡ് മഹാമാരിയെ നേരിടുന്ന കാര്യത്തിൽ കാണിച്ച അലംഭാവത്തിലും അനാസ്ഥയിലുമെല്ലാം ഒരേ തൂവൽ പക്ഷികളാണ്.**

## ഇന്ത്യയും
## അമേരിക്കൻ തെരഞ്ഞെടുപ്പും

ലോകത്തെ ഏതു രാജ്യത്തെക്കാളും അമേരിക്കയിലെ ഭരണമാറ്റം ഇന്ത്യൻജനത വലിയതോതിൽ ചർച്ച ചെയ്തു എന്നത് യാദൃച്ഛികമല്ല. ഇന്ത്യയും അമേരിക്കയും തമ്മിൽ സമാനതകൾ ഏറെയുണ്ട്. എന്നാൽ ഫാഷിസ്റ്റ് മനോഭാവം പേറുന്ന ഭരണാധികാരികളാണ് രണ്ട് രാജ്യങ്ങളും ഭരിക്കുന്നതെന്ന സമാനതയാണ് ഇന്ത്യൻജനത അമേരിക്കൻ തെരഞ്ഞെടുപ്പിനെ ഇത്രമേൽ ചർച്ചക്ക് വിധേയമാക്കാൻ കാരണം. നരേന്ദ്ര മോഡിയും ട്രമ്പും രാജ്യത്തെ ഭിന്നിപ്പിക്കുന്ന കാര്യത്തിലും ജനതയുടെ ക്ഷേമപ്രവർത്തനങ്ങളിൽ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയുടെ കാര്യത്തിലും എന്തിലധികം കോവിഡ് മഹാമാരിയെ നേരിടുന്ന കാര്യത്തിൽ കാണിച്ച അലംഭാവത്തിലും അനാസ്ഥയിലുമെല്ലാം ഒരേ തൂവൽ പക്ഷികളാണ്.

വിദ്വേഷവും വർഗീയതയും ഇരുകൂട്ടരുടെയും ഊർജമാണ്. 'ഹൗഡി മോഡി'യും 'നമസ്തേ ട്രമ്പും' ഒരേ നയത്തിന്റെ നേർചിത്രങ്ങളാണ്. ഫാഷിസ്റ്റ് ഭരണകൂടത്തിന്റെ സാമ്യതകൾ ധാരാളം. അതുകൊണ്ട് തന്നെ അമേരിക്കയിൽ ട്രമ്പിന്റെ പതനം ഇന്ത്യയിലെ ജനാധിപത്യ വിശ്വാസികൾക്ക് നൽകുന്ന ഊർജം വലുതാണ്. കോവിഡ് ഭീതി മാറിയാൽ പൗരത്വനിയമം നടപ്പിലാക്കുമെന്നുള്ള അമിത്ഷായുടെ പ്രഖ്യാപനം കഴിഞ്ഞദിവസം നാം കേട്ടതാണ്. ഈ സാഹചര്യത്തിൽ അമേരിക്കൻ ജനത ഇന്ത്യൻ ജനാധിപത്യ പോരാട്ടങ്ങൾക്ക് പകരുന്ന ഊർജം കരുത്തുറ്റതാണ്. വർഗീയതും വർണവെറിയും ജനദ്രോഹനയങ്ങളും നടപ്പിലാക്കുന്ന ഭരണാധികാരികളുടെ അനിവാര്യ പതനം ജനാധിപത്യത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് ഉറപ്പുവരുത്താൻ സാധിക്കും. ഇത്തരം ഭരണകൂടങ്ങൾക്ക് അൽപായുസ്സ് മാത്രം. കോവിഡ് ഭീതിമൂലം താൽക്കാലികമായി നിർത്തിവെച്ച ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടങ്ങൾക്ക് ഊർജം പകരുന്ന ഫലമാണ് അമേരിക്കൻ ജനത ഇന്ത്യക്ക് സമ്മാനിച്ചത്.

ഇന്ത്യയുടെ പാരമ്പര്യത്തെയും ബഹുസ്വരതയെയും തകർക്കുന്ന പൗരത്വനിയമം, കശ്മീർ 370ാം വകുപ്പ് പിൻവലിച്ച നടപടി, മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കുനേരെ നടക്കുന്ന ആസൂത്രിത ആക്രമങ്ങൾ തുടങ്ങിയവയിൽ മോഡി സർക്കാരിന്റെ സമീപനങ്ങളെ ശക്തമായി എതിർത്ത് നിലപാടെടുത്ത വ്യക്തി വൈറ്റ് ഹൗസിന്റെ അധിപനാകുന്നു എന്നതും ഇന്ത്യൻ ജനതക്ക് പ്രതീക്ഷ നൽകുന്നു. ജനാധിപത്യത്തിന്റെ സാധ്യതകളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന സംഘപരിവാർ ശക്തികൾക്കെതിരെയുള്ള പോരാട്ടങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

## അർണാബും
## മാധ്യമ ധാർമികതയും

ഫാഷിസ്റ്റ് ഭരണകൂടത്തിന്റെ കുഴലൂത്തുകാരനായ റിപബ്ലിക് ടിവി മേധാവി അർണാബ് ഗോസ്വാമിയെ ആത്മഹത്യാപ്രേരണക്കുറ്റത്തിന് മഹാരാഷ്ട്ര സർക്കാർ അറസ്റ്റുചെയ്തിരിക്കുന്നു. ഭരണകൂടത്തിന്റെ തണലിൽ വ്യക്തിഹത്യയും വ്യാജവാർത്തകളും ആക്രോശങ്ങളും മാധ്യമ ധർമമായി കാണുന്ന അർണാബ് മോഡി സർക്കാരിന്റെ ആശീർവാദത്തിൽ നടത്തിയ മനുഷ്യത്വരഹിത ഇടപെടലുകളോർത്ത് ആത്മാഭിമാനമുള്ള ഇന്ത്യക്കാർ ലജ്ജിച്ചുതലതാഴ്ത്തും. സംഘപരിവാർ തണലിൽ തിമർത്താടിയ അർണാബിനെ മഹാരാഷ്ട്ര പോലീസ് അറസ്റ്റുചെയ്തത് ഇത്തരം നിലപാടുകൾ സ്വീകരിക്കുന്നവർക്ക് ഒരു താക്കീത് കൂടിയാണ്. ഭരണകൂട ഭീകരതക്ക് കുടപിടിക്കുകയും അവരുടെ തണലിൽ എന്ത് വൃത്തികേടുകളും ചെയ്തുകൂട്ടാൻ മടികാണിക്കാതിരിക്കുകയും ചെയ്യുന്നവർ അനിവാര്യമായ പതനത്തെക്കുറിച്ച് ഓർക്കുന്നത് നന്നാവും. പാവങ്ങളുടെ കണ്ണീരിനുമുകളിൽ പണിത സൗധങ്ങൾക്ക് അൽപായുസ്സ് മാത്രമേയുണ്ടാകൂ. കാലം മാറും, ഭരണകൂടങ്ങൾ മാറിവരും. നീതിയുടെ കരങ്ങൾ അവരെ തേടിയെത്തുകയും ചെയ്യും. ബിജെപിയെ അധികാരത്തിൽനിന്നും മാറ്റിനിർത്താനുണ്ടാക്കിയ കോൺഗ്രസ്സ്, എൻസിപി, ശിവസേന കൂട്ടുകെട്ടിനെ വിമർശിച്ചവർപോലും അർണാബിനെതിരെയുള്ള നടപടികൾ സ്വാഗതം ചെയ്തിട്ടുണ്ട്. ഫാഷിസ്റ്റ് കാലത്ത് പ്രതിരോധത്തിന്റെ ചെറുതരിമ്പുകൾ പോലും പ്രതീക്ഷയാണ്.

അനീതിയുടെ പുകമറയിൽ അധികകാലം വാഴുക അസാധ്യം. നീതിയുടെ പൊൻകിരണങ്ങൾ ഇരുട്ടിന്റെ മറ ഭേദിച്ച് പ്രകാശം പരത്തും. അനീതിയുടെ വക്താക്കളെ ഭീതിതമായ നാളെയെക്കുറിച്ചുള്ള വേവലാതികൾ എന്നും അലട്ടിക്കൊണ്ടിരിക്കും. നന്മയുടെ വക്താക്കൾക്ക് നല്ലനാളെയെക്കുറിച്ചുള്ള ഓർമകളിൽ പ്രതീക്ഷാനിർഭരമായ മനസ്സുമായി മുന്നേറാം.

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com



# ജീവവായു: ആസൂത്രിത സൃഷ്ടിപ്പ് നടന്നതിനുള്ള തെളിവ്

**ഭൂമിയിൽ ജന്തുജാലങ്ങളുടെ നിലനിൽപ്പിന്ന് അനിവാര്യമായ ഘടകമാണ് ജീവവായു. ശ്വസിക്കാതെ ഒരു നിമിഷം പോലും നമുക്ക് ജീവിക്കാനാവില്ല. മനുഷ്യരെപോലെ ദശലക്ഷക്കണക്കിനു ജീവജാലങ്ങൾ നൂറ്റാണ്ടുകളായി ശ്വസിച്ചുകൊണ്ടിരിക്കുന്നു. ഈ ജീവവായു എവിടെ നിന്ന് വരുന്നു? എന്തുകൊണ്ട് അത് തീർന്നുപോകുന്നില്ല? എങ്ങനെയാണത് സംവിധാനിക്കപ്പെട്ടിട്ടുള്ളത്? ഈ രഹസ്യങ്ങളുടെ ഉള്ളറയിലേക്കുള്ള അന്വേഷണം നമ്മെ കൊണ്ടെത്തിക്കുന്നത് ഇതൊക്കെ ആസൂത്രിതമായി സംവിധാനിച്ചുവെച്ച അതിബുദ്ധിമാനായ ഒരു സ്രഷ്ടാവുണ്ട് എന്ന നിഗമനത്തിലേക്കാണ്.**

ഓരോ സെക്കന്റിലും നാം ശ്വസിക്കുന്ന വായുവിനെക്കുറിച്ച് എപ്പോഴെങ്കിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഓരോ മനുഷ്യനും ജനനംമുതൽ മരണംവരെ ഓക്സിജൻ ശ്വസിച്ചുകൊണ്ടേയിരിക്കുന്നു. ഇന്ന് ഭൂലോകത്ത് ഏകദേശം 800 കോടി മനുഷ്യരുണ്ട്. മനുഷ്യർ മാത്രമല്ല, മനുഷ്യരെ പോലെ ഇതേ ഓക്സിജന്റെ അവകാശികളായ ലക്ഷക്കണക്കിനു ജീവിവർഗങ്ങൾ വേറെയുമുണ്ട്. മനുഷ്യരെ കൂടാതെ ഭൂമിയിൽ വേറെയും രണ്ടു ദശലക്ഷത്തോളം ജീവിവർഗങ്ങൾ ഉണ്ടെന്നാണ് കണക്ക്. ഇവയിൽ ഭൂരിപക്ഷവും നമ്മെ പോലെ ഓക്സിജനെന്ന ജീവവായുവിനെ ആശ്രയിച്ച് ജീവിക്കുന്നവയാണ്. ജീവിവർഗങ്ങളുടെ ഈ ശ്വസനപ്രക്രിയ ഭൂമി

യിലെ ആദ്യത്തെ ജീവന്റെ തുടിപ്പു മുതൽ സഹസ്രാബ്ദങ്ങളായി അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് ഈ ഓക്സിജൻ തീർന്നു പോകുന്നില്ല? എവിടെനിന്നാണ് ഇത്രയും ഓക്സിജൻ രൂപംകൊള്ളുന്നത്? ഓക്സിജൻ ഒരിക്കലും തീർന്നുപോകാത്ത രീതിയിലുള്ള ഒരു സംവിധാനം എങ്ങനെ ഭൂമിയിൽ ക്രമീകരിക്കപ്പെട്ടു? ഇക്കാര്യങ്ങളൊക്കെ പരിശോധിക്കുമ്പോൾ നാം എത്തിച്ചേരുന്നത് 'പരസ്പര ബന്ധിതവും പരസ്പര പൂരകങ്ങളുമായ' ഒരു കൂട്ടം വ്യവസ്ഥകളുടെ ലോകത്തിലേക്കാണ്.

### ഓക്സിജൻ ഉൽപാദനത്തിനായി പ്രകൃതിയിലുള്ള സംവിധാനങ്ങൾ

#### (1) സസ്യങ്ങളും ജന്തുക്കളും തമ്മിലുള്ള ബന്ധം

ജന്തുവർഗത്തിന്റെ നിലനിൽപിന് ഓക്സിജൻ ആവശ്യമായതുപോലെ സസ്യങ്ങളുടെ നിലനിൽപിന് ആധാരമായ ഘടകമാണ് കാർബൺ ഡൈ ഓക്സൈഡ്. സസ്യങ്ങൾ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുത്ത് ഓക്സിജൻ പുറന്തള്ളുമ്പോൾ ജന്തുലോകം ഈ ഓക്സിജൻ ഉപയോഗിക്കുകയും പകരം കാർബൺ ഡൈ ഓക്സൈഡ് എന്ന വാതകം പുറത്തുവിടുകയും ചെയ്യുന്നു. അഥവാ ജന്തുലോകവും സസ്യലോകവും പരസ്പരമുള്ള ഓക്സിജന്റെയും കാർബൺ ഡൈ ഓക്സൈഡിന്റെയും കൈമാറ്റം വഴി രണ്ടുകൂട്ടർക്കും ആവശ്യമായ ജീവവായു ലഭ്യമാകുന്നു. ഇതിൽ ഒരു വർഗം ഇല്ലെങ്കിൽ മറ്റേ വർഗത്തിനും നിലനിൽപില്ല. സസ്യങ്ങളില്ലെങ്കിൽ നാം ശ്വസിക്കുന്ന ഓക്സിജനും ഇല്ല എന്നർഥം.

#### (2) സസ്യങ്ങളും സൂര്യനും തമ്മിലുള്ള ബന്ധം

സസ്യങ്ങൾ കാർബൺ ഡൈ ഓക്സൈഡും വെള്ളവും മണ്ണിലെ ധാതുലവണങ്ങളും ഉപയോഗപ്പെടുത്തി സൗരോർജത്തിന്റെ സഹായത്തോടെയാണ് അവയുടെ നിലനിൽപിന്നാവശ്യമായ ഭക്ഷണം തയ്യാറാക്കുന്നത്. ഈ പ്രക്രിയയെ 'പ്രകാശ സംശ്ലേഷണം' എന്നു പറയുന്നു. സൗരോർജം ഇല്ലായിരുന്നെങ്കിൽ പ്രകാശസംശ്ലേഷണം എന്ന പ്രതിഭാസം സാധ്യമാകുമായിരുന്നില്ല. പ്രകാശ സംശ്ലേഷണം നടന്നില്ലെങ്കിൽ സസ്യങ്ങളിൽനിന്ന് ജന്തുജാലങ്ങൾക്ക് ആവശ്യമായ ഓക്സിജനും ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളുമടങ്ങുന്ന ഭക്ഷണങ്ങളൊന്നും കിട്ടില്ല. ഈ പ്രക്രിയ വഴി ഭൂമിക്കടിയിലുള്ള ജലാംശം ഇലകളിലൂടെ സൂര്യൻ വലിച്ചെടുക്കുകയും അവ ആകാശത്തേക്ക് ഉയരുകയും മേഘങ്ങളിൽ അടിഞ്ഞുകൂടി മഴയായി പെയ്യുകയും ചെയ്യുന്നു. അഥവാ സൂര്യൻ സസ്യങ്ങളുടെ നിലനിൽപിനു സഹായിക്കുമ്പോൾ സസ്യങ്ങൾ സൂര്യൻ വഴി നടക്കുന്ന ജലചംക്രമണ സംവിധാനത്തെ സഹായിക്കുന്നു. ഇങ്ങനെ സൂര്യനും സസ്യങ്ങൾക്കുമിടയിൽ ഒരു 'പാരസ്പര്യ സംവിധാനം' നിലനിൽക്കുന്നു.

#### (3) ജലവും സസ്യങ്ങളും തമ്മിലുള്ള ബന്ധം

സസ്യങ്ങളുടെ പ്രകാശ സംശ്ലേഷണ പ്രക്രിയയിലെ ഒരു പ്രധാന ഘടകമാണു ജലം എന്ന് സൂചിപ്പിച്ചല്ലോ. ജല തന്മാത്രയുടെ രാസഘടന H2O എന്നാണ്. (രണ്ട് ഹൈഡ്രജൻ കണങ്ങളും ഒരു ഓക്സിജൻ കണവും). സസ്യങ്ങളിൽ വെച്ച് നടക്കുന്ന പ്രകാശ സംശ്ലേഷണ പ്രക്രിയയുടെ ഫലമായി സസ്യങ്ങൾ ജലതന്മാത്രകളിലെ ഓക്സിജനെ വേർതിരിച്ചെടുക്കുകയും നാം ശ്വസിക്കുന്ന ഓക്സിജന്റെ രൂപത്തിൽ അന്തരീക്ഷത്തിലേക്ക് വിടുകയും ചെയ്യുന്നു. അഥവാ നാം ശ്വസിക്കുന്ന ഓക്സിജനിൽ ജലം എന്ന അത്ഭുതദ്രാവകത്തിനും പങ്കുണ്ട് എന്നർഥം.

#### (4) ഷഡ്പദങ്ങളും സസ്യങ്ങളും തമ്മിലുള്ള ബന്ധം

തേനീച്ചകൾ, പൂമ്പാറ്റകൾ, വണ്ടുകൾ എന്നിവ അവയ്ക്ക് ആവശ്യമായ തേൻ ശേഖരിക്കുന്നത് പൂക്കളിൽ നിന്നാണു. ഒരു പൂവിൽനിന്ന് തേൻ ശേഖരിക്കുന്നതിനിടെ ഈ ഷഡ്പദങ്ങളുടെ കാലുകളിലും ചിറകുകളിലും പറ്റിപ്പി

> **ജന്തുവർഗത്തിന്റെ നിലനിൽപിന് ഓക്സിജൻ ആവശ്യമായതുപോലെ സസ്യങ്ങളുടെ നിലനിൽപിന് ആധാരമായ ഘടകമാണ് കാർബൺ ഡൈ ഓക്സൈഡ്. സസ്യങ്ങൾ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുത്ത് ഓക്സിജൻ പുറന്തള്ളുമ്പോൾ ജന്തുലോകം ഈ ഓക്സിജൻ ഉപയോഗിക്കുകയും പകരം കാർബൺ ഡൈ ഓക്സൈഡ് എന്ന വാതകം പുറത്തുവിടുകയും ചെയ്യുന്നു. അഥവാ ജന്തുലോകവും സസ്യലോകവും പരസ്പരമുള്ള ഓക്സിജന്റെയും കാർബൺ ഡൈ ഓക്സൈഡിന്റെയും കൈമാറ്റം വഴി രണ്ടുകൂട്ടർക്കും ആവശ്യമായ ജീവവായു ലഭ്യമാകുന്നു. ഇതിൽ ഒരു വർഗം ഇല്ലെങ്കിൽ മറ്റേ വർഗത്തിനും നിലനിൽപില്ല. സസ്യങ്ങളില്ലെങ്കിൽ നാം ശ്വസിക്കുന്ന ഓക്സിജനും ഇല്ല എന്നർഥം.**

ടിക്കുന്ന പൂമ്പൊടികൾ പിന്നീട് അതേ സ്പീഷിസിൽ പെട്ട മറ്റൊരു ചെടിയുടെ പുഷ്പത്തിൽ നിക്ഷേപിക്കുന്നതിന്റെ ഫലമായി പ്രത്യുൽപാദനം നടക്കുകയും അതേ സ്പീഷിസിലുള്ള പുതിയ ഒരു ചെടി ഉണ്ടാവുകയും ചെയ്യും. അതു വഴി ആ സസ്യവർഗത്തിന്റെ പരമ്പര നിലനിൽക്കുകയും ചെയ്യുന്നു. ഇതും പ്രകൃതിയിൽ കാണുന്ന ഒരു 'പരസ്പര സഹകരണ'മാണ്. സസ്യങ്ങൾ ഷഡ്പദങ്ങൾക്ക് അവയുടെ നിലനിൽപിന്നാധാരമായ തേൻ നൽകുമ്പോൾ ഷഡ്പദങ്ങൾ തിരിച്ച് സസ്യ വർഗങ്ങളുടെ നിലനിൽപിന്നാധാരമായ പ്രത്യുൽപാദനത്തിന്റെ ഭാഗമായ പരാഗണത്തിനു സസ്യങ്ങളെ സഹായിക്കുന്നു. ആയതുകൊണ്ട് തന്നെ പൂക്കളുള്ള സസ്യങ്ങളില്ലെങ്കിൽ മേൽപറഞ്ഞ ഷഡ്പദങ്ങൾക്ക് നിലനിൽപില്ല. നേരെ തിരിച്ച് ഈ ഷഡ്പദങ്ങൾ ഇല്ലാതായാൽ അവമൂലം സംഭവിക്കുന്ന പരാഗണം നിലച്ചുപോകുന്നതിനാൽ സസ്യങ്ങൾക്കും നിലനിൽപില്ല. സസ്യങ്ങൾക്ക് നിലനിൽപില്ലെങ്കിൽ പിന്നെ അവയിൽനിന്നുള്ള ഓക്സിജനെയും ഭക്ഷ്യവിളകളെയും ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യർക്കും മറ്റ് ജന്തുക്കൾക്കും നിലനിൽപില്ലെന്നത് വ്യക്തമാണല്ലോ. 'തേനീച്ചകളില്ലെങ്കിൽ ഭൂമിയിൽ 4 വർഷത്തിലധികം ഒരു ജീവിവർഗവും ജീവിക്കില്ല' എന്ന് ഐൻസ്റ്റീൻ പറഞ്ഞതായി ഉദ്ധരിക്കപ്പെടാറുണ്ട്. ഇങ്ങനെ അദ്ദേഹം പറഞ്ഞിട്ടുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. എന്നാൽ ആ പറയപ്പെട്ട വാക്കുകൾ സത്യമാണ്. കാരണം തേനീച്ചകളില്ലെങ്കിൽ പരാഗണമില്ല, പരാഗണമില്ലെങ്കിൽ സസ്യവർഗം നിലനിൽക്കില്ല, സസ്യങ്ങളില്ലെങ്കിൽ പിന്നെ നാമടക്കമുള്ള ജന്തുജാലങ്ങളും ഈ ഭൂമിയിൽ അവശേഷിക്കില്ല. നോക്കൂ, നിസ്സാരമായ ഈ പ്രാണി വർഗങ്ങൾക്ക് ഈ ഭൂമിയിൽ നിർവഹിക്കാനുള്ള കടമ എത്ര വലുതാണെന്ന്!

ഭൂമിയിൽ ലഭ്യമായ ഓക്സിജന്റെ 70%ത്തോളം ഓക്സിജൻ പുറത്തുവിടുന്നത് കടൽ സസ്യങ്ങളായ ഫൈറ്റോപ്ലാങ്റ്റണുകളാണെന്നാണു ശാസ്ത്ര നിഗമനം. സമുദ്രോപരിതലത്തിൽ കാണപ്പെടുന്ന സസ്യവർഗമാണു ഫൈറ്റോപ്ലാങ്റ്റണുകൾ. ഇവ പ്രകാശസംശ്ലേഷണം വഴി ധാരാളം ഓക്സിജൻ പുറത്തുവിടുന്നു. ഈ കടൽ സസ്യങ്ങൾ ഭക്ഷിച്ചു ജീവിക്കുന്ന ചെറു മൽസ്യങ്ങൾ ധാരാളമുണ്ട്. ഈ ചെറു മൽസ്യങ്ങളെ ഭക്ഷിച്ചാണു സ്രാവ്, തിമിംഗലം പോലുള്ള വലിയ മൽസ്യങ്ങൾ ജീവിക്കുന്നത്. ഈ വലിയ മൽസ്യങ്ങൾ ഇല്ലെന്നു സങ്കൽപിക്കുക. അപ്പോൾ ചെറിയ മൽസ്യങ്ങൾ പെരുകുകയും അത് ഓക്സിജന്റെ ഫാക്ടറിയായ ഫൈറ്റോപ്ലാങ്റ്റണുകൾ മുഴുവനായി തിന്നുനശിപ്പിക്കുന്നതിലേക്കും അത് ഓക്സിജന്റെ ലഭ്യതക്കുറവിലേക്കും ജന്തുക്കളുടെ വംശനാശത്തിലേക്കും നയിക്കും അഥവാ നിങ്ങൾ ഈ വരി വായിക്കുന്ന നിമിഷാർധത്തിൽ ശ്വസിച്ച ഓക്സിജൻ കണികക്ക് പിന്നിൽ കടലിലെ സസ്യങ്ങളോടും; സ്രാവിനോടും തിമിംഗലത്തോടുപോലും കടപ്പെട്ടിരിക്കുന്നു എന്നർഥം.



നോക്കൂ, എത്ര മനോഹരവും പരസ്പര ബന്ധിതവും പരസ്പര പൂരകവുമായാണ് ഈ വ്യവസ്ഥകളെല്ലാം സംവിധാനിക്കപ്പെട്ടിരിക്കുന്നതെന്ന്! ഈ ഭൂമിക്കകത്തുള്ള ജീവജാലങ്ങൾക്കാവശ്യമായ ജീവവായു ഉണ്ടാകുന്നതിനു പിന്നിൽ, അത് തീർന്നുപോകാതിരിക്കുന്നതിനു പിന്നിൽ, എന്തുമാത്രം ആസൂത്രണത്തോട് കൂടിയ ക്രമീകരണങ്ങളാണു സംവിധാനിക്കപ്പെട്ടിരിക്കുന്നതെന്ന്!

## അന്തരീക്ഷത്തിലെ പാളികളും ഓക്സിജൻ ലഭ്യതയും

ഭൂമിക്ക് ചുറ്റുമുള്ള അന്തരീക്ഷ മണ്ഡലത്തിനു പ്രധാനമായും അഞ്ച് തട്ടുകളാണുള്ളത്.

(1) ട്രോപോസ്ഫിയർ (ഭൗമോപരിതലത്തിൽനിന്ന് 12 കി.മി വരെ ഉയരത്തിൽ).

(2) സ്ട്രാറ്റോസ്ഫിയർ (12 മുതൽ 50 കി.മിവരെ ഉയരത്തിൽ).

(3) മിസോസ്ഫിയർ (50 മുതൽ 80 കി.മി വരെ ഉയരത്തിൽ).

(4) തെർമോസ്ഫിയർ (80 മുതൽ 700 കി.മി വരെ ഉയരത്തിൽ).

(5) എക്സോസ്ഫിയർ (700 മുതൽ 10,000 കി.മി വരെ ഉയരത്തിൽ. ഇത് ബഹിരാകാശത്തോട് ചേർന്നു കിടക്കുന്ന ഭാഗമാണ്).


ഇതിൽ ഭൂമിയോട് ചേർന്നു കിടക്കുന്ന ട്രോപോസ്ഫിയർ മേഖല (012 കി.മി) മാത്രമാണു ജീവനു അനുയോജ്യമായിട്ടുള്ളത്. ജീവൻ നിലനിൽക്കാനാവശ്യമായ അളവിൽ ഓക്സിജൻ ലഭ്യമായിട്ടുള്ളത് ഈ തട്ടിൽ മാത്രമാണ്. ഇവിടെ പ്രധാനമായും ഉള്ള വാതകങ്ങൾ താഴെ പറയുന്നവയാണ്:

ഓക്സിജൻ (21%), നൈട്രജൻ (78%). ഇത് കൂടാതെ കാർബൺ ഡൈ ഓക്സൈഡ്, നിയോൺ, ആർഗൺ, മീഥൈൻ, ഹീലിയം തുടങ്ങിയ വാതകങ്ങളുടെ സാന്നിധ്യവും ചെറിയ അളവിൽ ഉണ്ട്. ഇതിൽ 21% എന്ന ഓക്സിജന്റെ അളവുപോലും കൃത്യമായ സംവിധാനമാണ് എന്നാണു ശാസ്ത്രനിരീക്ഷകരുടെ അഭിപ്രായം. കാരണം, ഓക്സിജൻ എന്നത് കത്താൻ സഹായിക്കുന്ന വാതകമാണ്. ഇതിന്റെ അളവ് 21%ത്തിനു മുകളിലായിരുന്നെങ്കിൽ ഭൂമിയിൽ അഗ്നിബാധ പെരുകുമായിരുന്നു. എന്നാൽ ഓക്സിജന്റെ അളവ് ഈ ശതമാനത്തെക്കാൾ കുറഞ്ഞുപോവുകയാണെങ്കിൽ ജന്തുജാലങ്ങൾക്കാവശ്യമായ ഓക്സിജന്റെ ലഭ്യതക്കുറവുണ്ടാവുകയും ചെയ്യും. ജീവവായുവായ ഓക്സിജന്റെ 85%വും ഭൂമിയോട് ചേർന്നുള്ള ജീവൻ നിലനിൽക്കുന്ന ആദ്യ 5 കി.മീറ്ററിനുള്ളിലാണ് എന്നതാണ് അത്ഭുതകരമായ മറ്റൊരു കാര്യം. ഈ ഓക്സിജനെങ്ങാനും ഭൂമിയോട് ചേർന്നുനിൽക്കാതെ മുകളിലെ അന്തരീക്ഷത്തിലേക്ക് പൊങ്ങി പാറിപ്പറക്കുകയായിരുന്നെങ്കിൽ ഇവിടെയുള്ള ജന്തുജാലങ്ങൾ ശ്വസനത്തിനു നന്നേ പാടുപെട്ടേനെ! എന്നാൽ അങ്ങനെ സംഭവിക്കുന്നില്ല. ജീവൻ നിലനിൽക്കുന്ന, ജീവവായുവിന് ഏറ്റവും ആവശ്യക്കാരുള്ള ഭൗമോപരിതലത്തിൽ മാത്രം ഒട്ടിച്ചേർന്ന് നിൽക്കുന്നു. ഇത് ഒരു അത്ഭുതമല്ലേ?

ജീവന്റെ അടിസ്ഥാനങ്ങളായ ജീവവായുവും വെള്ളവും തീർന്നുപോകാതെ ഉൽപാദിപ്പിക്കാനുള്ള സംവിധാനം അറിയപ്പെട്ടിടത്തോളം ഭൂമിയുടെ മാത്രം പ്രത്യേകതയാണ്. മറ്റു ഗ്രഹങ്ങളിൽ ഇനി ചെറിയ അളവിൽ കണ്ടെത്തിയാൽ തന്നെ അവ പുനരുൽപാദിപ്പിക്കാനുള്ള സംവിധാനങ്ങൾ അവിടെയൊന്നുമില്ല എന്നതാണ് യാഥാർഥ്യം.

അന്തരീക്ഷത്തിൽ മുകളിലേക്കുയരുന്തോറും വായു നേർത്തതാവുകയും ഓക്സിജൻ ലഭ്യത കുറയുകയും ശ്വസനത്തിനു ബുദ്ധിമുട്ടനുഭവപ്പെടുകയും ചെയ്യുമെന്ന് സൂചിപ്പിച്ചല്ലോ. സത്യനിഷേധിയെ പറ്റി പരാമർശിക്കവെ അല്ലാഹു ക്വുർആനിൽ പറഞ്ഞ ഒരു ഉപമ ശ്രദ്ധേയമാണ്:

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്; അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നതുപോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു" (ക്വുർആൻ 6:125).



## ഓസോൺപാളി എന്ന കാവൽക്കാരൻ

അന്തരീക്ഷത്തിന്റെ രണ്ടാമത്തെ തട്ടായ സ്ട്രാറ്റോസ്ഫിയറിലാണ് 'ഓസോൺ പാളി' സ്ഥിതി ചെയ്യുന്നത്. ഓസോണിനെ കുറിച്ച് ഇവിടെ പ്രത്യേകിച്ച് പരാമർശിക്കാൻ കാരണം അതിന് ഓക്സിജനുമായി ബന്ധം ഉള്ളത് കൊണ്ടാണ്. ഓസോൺ തന്മാത്ര നിർമിക്കപ്പെട്ടിട്ടുള്ളത് 3 ഓക്സിജൻ കണികകൾ ചേർന്നാണ്. നാം ശ്വസിക്കുന്ന ഓക്സിജൻ തന്മാത്ര 2 ഓക്സിജൻ കണികകൾ ചേർന്നുണ്ടായതാണ്. ഓസോൺ പാളിയുടെ പ്രധാന ജോലി സൂര്യനിൽ നിന്ന് ഭൂമിയിലേക്ക് വരുന്ന മാരകമായ അൾട്രാ വയലറ്റ് രശ്മികളെ മുകളിൽ തടഞ്ഞു നിർത്തുക എന്നതാണ്. ഈ രശ്മികളെങ്ങാനും ഭൂമിയിൽ പതിച്ചിരുന്നെങ്കിൽ ഇവിടെ ജീവൻ നിലനിൽക്കുമായിരുന്നില്ല.

'ആകാശത്തെ നാം സംരക്ഷിതമായ ഒരു മേൽപുരയാക്കിയിട്ടുമുണ്ട്. അവരാകട്ടെ അതിലെ (ആകാശത്തിലെ) ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കാതെ തിരിഞ്ഞുകളയുന്നവരാകുന്നു" (ക്വുർആൻ 21:32).

(കൗതുകകരമായ മറ്റൊരു വസ്തുത എന്തെന്നാൽ അൾട്രാവയലറ്റ് രശ്മികളെ തടുക്കാൻ ആവശ്യമായ ഓസോൺ ഓക്സിജനിൽ നിന്ന് രൂപം കൊള്ളാൻ അൾട്രാവയലറ്റ് രശ്മികളുടെ തന്നെ സാന്നിധ്യം ആവശ്യമാണ് എന്നതാണ്. അഥവാ ശത്രുവിന്റെ ആക്രമണം തടുക്കാനുള്ള പരിച നിർമിക്കാൻ ശത്രു തന്നെ സഹായിക്കുന്ന ഒരു സംവിധാനം നിലനിൽക്കുന്നു എന്നർഥം!)

> ഓക്സിജൻ ജലത്തിൽനിന്ന് വേർതിരിച്ചെടുക്കണമെന്നും അതിനു സൂര്യപ്രകാശത്തെ ഉപയോഗപ്പെടുത്തിയാൽ മതിയെന്നും അതിൽനിന്നുള്ള ഓക്സിജൻ അന്തരീക്ഷത്തിലേക്ക് വിടണമെന്നും ചെടികൾക്ക് നിർദേശം കിട്ടിയത് എവിടെനിന്നാണ്? അതിനുള്ള സംവിധാനം എങ്ങനെ രൂപപ്പെട്ടു? ചെടികൾ സ്വയം ചിന്തിച്ച് തീരുമാനിച്ചതാണോ? അതിനുള്ള സംവിധാനങ്ങൾ അവ സ്വയം ഉണ്ടാക്കിയെടുത്തതാണോ? അല്ലല്ലോ! കാരണം അവയ്ക്കൊന്നും സ്വതന്ത്രമായ ചിന്താശേഷിയില്ല തന്നെ. എങ്കിൽ പിന്നെ ഇത് ആരുടെ തീരുമാനമാണ്?

## വ്യവസ്ഥകൾ ഉണ്ടായതല്ല, സൃഷ്ടിക്കപ്പെട്ടതാണ്!

ഓക്സിജൻ രൂപീകരണത്തിൽ പങ്കാളികളായ പരസ്പരബന്ധിതങ്ങളായ വിവിധ സംവിധാനങ്ങളെ കുറിച്ച് മുകളിൽ സൂചിപ്പിച്ചുവല്ലോ. ചില ചോദ്യങ്ങൾ ഇവിടെ പ്രസക്തമാണ്:

(1) മനുഷ്യരടക്കമുള്ള ജന്തുജാലങ്ങൾക്ക് ജീവവായുവായി ഓക്സിജനാണ് വേണ്ടതെന്നത് എങ്ങനെ തീരുമാനിക്കപ്പെട്ടു? ഇത് നമ്മുടെ ശരീരകോശങ്ങൾ തീരുമാനിച്ചതാണോ? നമ്മുടെ അവയവങ്ങൾ കൂടിച്ചേർന്ന് തീരുമാനിച്ചതാണോ. ഒരിക്കലുമല്ല. കാരണം അവക്ക് സ്വതന്ത്രമായ ചിന്താശേഷിയില്ല. അപ്പോൾ ഇത് ആരുടെ തീരുമാനമാണ്?

(2) ജന്തുജാലങ്ങളുടെ നിലനിൽപ്പിന് ഓക്സിജൻ അത്യാവശ്യമാണെന്നറിഞ്ഞ് അവക്കാവശ്യമായ അത്ര അളവിൽ ഓക്സിജൻ ഭൂമിയിൽ ഉൽപാദിപ്പിക്കണമെന്നത് ആരുടെ തീരുമാനമാണ്? ജന്തുലോകത്തിന് ആവശ്യമായ ഓക്സിജൻ നമുക്കങ്ങ് ഉൽപാദിപ്പിച്ച് കൊടുക്കാം എന്ന് സസ്യങ്ങൾ കൂടിച്ചേർന്ന് തീരുമാനിച്ചതാണോ? അല്ല, ഒരിക്കലുമല്ല. കാരണം അവക്ക് സ്വതന്ത്രമായ ചിന്താശേഷിയില്ല തന്നെ. എങ്കിൽ പിന്നെ ഇത് ആരുടെ തീരുമാനമാണ്?!

(3) ഓക്സിജൻ ജലത്തിൽ നിന്ന് വേർതിരിച്ചെടുക്കണമെന്നും അതിനു സൂര്യപ്രകാശത്തെ ഉപയോഗപ്പെടുത്തിയാൽ മതിയെന്നും അതിൽ നിന്നുള്ള ഓക്സിജൻ അന്തരീക്ഷത്തിലേക്ക് വിടണമെന്നും ചെടികൾക്ക് നിർദേശം കിട്ടിയതെവിടെ നിന്നാണ്? അതിനുള്ള സംവിധാനം എങ്ങനെ രൂപപ്പെട്ടു? ചെടികൾ സ്വയം ചിന്തിച്ച് തീരുമാനിച്ചതാണോ? അതിനുള്ള സംവിധാനങ്ങൾ അവ സ്വയം ഉണ്ടാക്കിയെടുത്തതാണോ? അല്ലല്ലോ, കാരണം അവക്കൊന്നും സ്വതന്ത്രമായ ചിന്താശേഷിയില്ല തന്നെ. എങ്കിൽ പിന്നെ ഇത് ആരുടെ തീരുമാനമാണ്?

(4) ഭൂമിയിൽ ജീവൻ നിലനിൽക്കണമെങ്കിൽ അൾട്രാവയലറ്റ് രശ്മികൾ ഇവിടേക്ക് പ്രവേശിക്കരുതെന്നും അതിനു ഓസോൺ എന്ന സംരക്ഷണ കവചം ഭൂമിക്ക് മുകളിൽ ആവശ്യമാണെന്നും ആരുടെ തീരുമാനമാണ്? ചിന്താശേഷിയില്ലാത്ത ഭൂമി തീരുമാനിച്ചതാണോ? അതല്ല കുറച്ച് ഓക്സിജൻ കണങ്ങളെല്ലാം കൂടി നമുക്ക് ഓസോൺ ആയി മാറി ഭൂമിയെ സംരക്ഷിക്കാം എന്ന് തീരുമാനിച്ചതാണോ? അല്ല, കാരണം അവക്കൊന്നും സ്വതന്ത്രമായ ചിന്താശേഷിയില്ല. എങ്കിൽ പിന്നെ ഇത് ആരുടെ തീരുമാനമാണ്?

(5) ഈ ഓക്സിജൻ രൂപീകരണ സംവിധാന

ങ്ങളെല്ലാം ഒരുമിച്ച് പരസ്പരം ആശ്രയിച്ചാണു പ്രവർത്തിക്കുന്നത് എന്നതുകൊണ്ട് തന്നെ അവയെല്ലാം ഒരുമിച്ചായിരിക്കണം നിലവിൽ വന്നത് എന്നത് വ്യക്തം. അല്ലാത്ത പക്ഷം ഒരു സംവിധാനമില്ലാതെ മറ്റൊന്ന് നിലനിൽക്കുമായിരുന്നില്ലല്ലോ. ഒരേസമയം ഉണ്ടാകണമെന്നതും അവ തമ്മിൽ പരസ്പരധാരണയിൽ പ്രവർത്തിക്കുന്നതും ആരുടെ തീരുമാനമാണ്? ആ സംവിധാനങ്ങളെല്ലാം കൂടി സ്വയം ഒരേസമയം രൂപം കൊള്ളുകയും ശേഷം യോഗം ചേർന്ന് ചർച്ച ചെയ്ത് തീരുമാനിച്ചതുമാണോ? ആയിരിക്കാൻ വഴിയില്ല. കാരണം ആ സംവിധാനങ്ങൾക്കൊന്നും സ്വതന്ത്രമായ ചിന്താശേഷിയില്ല. പിന്നെ ആരാണ് ഈ സംവിധാനങ്ങളെയെല്ലാം ഇത്ര സമർഥമായി, സുന്ദരമായി താളപ്പിഴവുകളില്ലാതെ കൂട്ടിഘടിപ്പിച്ചത്?!



ഈ സംവിധാനങ്ങളെ കുറിച്ചും അവ തമ്മിലുള്ള പരസ്പര ബന്ധത്തെ കുറിച്ചും താളത്തെ കുറിച്ചും ചിന്തിക്കുന്ന ഏതൊരുവനും മനസ്സിലാകുന്ന കാര്യമാണ് അവയെല്ലാം ബോധപൂർവവും ആസൂത്രിതമായും സംവിധാനിക്കപ്പെട്ടതാണെന്ന്. അഥവാ അതിനു പിന്നിൽ അതിബുദ്ധിമാനായ ഒരു സംവിധായകൻ ഉണ്ടെന്നത്.

"ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ആർക്കാണോ അവനത്രെ (അത് അവതരിപ്പിച്ചവൻ). അവൻ സന്താനത്തെ സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന്ന് യാതൊരു പങ്കാളിയും ഉണ്ടായിട്ടുമില്ല. ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു." (ക്വുർആൻ 25:2).

"അത്യുന്നതനായ നിന്റെ രക്ഷിതാവിന്റെ നാമം പ്രകീർത്തിക്കുക. സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത (രക്ഷിതാവിന്റെ). വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവനും" (ക്വുർആൻ 87:13).

ആ നിർമാതാവിനെ മാത്രം ആരാധിക്കുന്നവരും അതുവഴി അവനോടുള്ള നന്ദി കാണിക്കുന്നവരാവുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെയും ഭൂമിയുടെയും മുഴുവൻ പ്രപഞ്ചത്തിന്റെയും രക്ഷിതാവായ അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നത്.

"നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്" (ക്വുർആൻ 2:22).

## ഓക്സിജൻ സംവിധാനങ്ങൾ: ഭൗതിക നിരീശ്വര സിദ്ധാന്തങ്ങളുടെ അടിവേരറുക്കുന്നത്

ഈ സംവിധാനങ്ങൾ ഒരുമിച്ചായിരിക്കണം ഉണ്ടായത് എന്നതും അവ തമ്മിൽ പരസ്പരം ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത് എന്നതും ഇതിൽ ഏതെങ്കിലും ഒരു സംവിധാനം ഇല്ലെങ്കിൽ മറ്റേതിനും നിലനിൽപില്ല എന്നതും 'ഭൗതിക നിരീശ്വര' സിദ്ധാന്തങ്ങളുടെ അടിവേരറുക്കുന്നതാണ്. കാരണം ഇവരുടെ വീക്ഷണപ്രകാരം ഓരോ സംവിധാനങ്ങളും താനെ അന്ധമായി ഉണ്ടായതാണ്. ഓരോന്നും അന്ധമായി തനിയെ ഉണ്ടായതാണെങ്കിൽ ഈ സംവിധാനങ്ങൾ എങ്ങനെ പരസ്പരം അതിസമർഥമായി കൂട്ടിഘടിപ്പിക്കപ്പെട്ടു?

ഇവയിൽ ഏതെങ്കിലും ഒരു സംവിധാനമില്ലെങ്കിൽ മറ്റു സംവിധാനങ്ങളുടെ പ്രവർത്തനം അസാധ്യം അല്ലെങ്കിൽ അപൂർണം ആണല്ലോ. അപ്പോൾ, വ്യത്യസ്തമായ ഈ സംവിധാനങ്ങളെ തമ്മിൽ സുന്ദരമായി കൂട്ടിഘടിപ്പിച്ചതാര്? അതും അന്ധമായി സംഭവിച്ചുവെന്നാണോ ഇവർ വിശ്വസിക്കുന്നത്? എങ്കിൽ ഇവരേക്കാൾ അന്ധത ബാധിച്ചവർ മറ്റാരാണുള്ളത്. ഇത്തരക്കാർക്കുള്ളത് കണ്ണിനുള്ള അന്ധതയല്ല, മറിച്ച് ഹൃദയത്തെ ബാധിക്കുന്ന അന്ധതയാണെന്ന് അല്ലാഹു പറഞ്ഞതെത്ര ശരി:

"...തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്. പക്ഷേ, നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്" (ക്വുർആൻ 22:46).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 60, ഭാഗം: 5

# മുംതഹിന (പരീക്ഷിക്കപ്പെടേണ്ടവൾ)

(മദീനയിൽ അവതരിച്ചത്)

وَإِن فَاتَكُمْ شَىْءٌ مِّنْ أَزْوَٰجِكُمْ إِلَى ٱلْكُفَّارِ فَعَاقَبْتُمْ
فَـَٔاتُوا۟ ٱلَّذِينَ ذَهَبَتْ أَزْوَٰجُهُم مِّثْلَ مَآ أَنفَقُوا۟ ۚ
وَٱتَّقُوا۟ ٱللَّهَ ٱلَّذِىٓ أَنتُم بِهِۦ مُؤْمِنُونَ ﴿١١﴾
يَـٰٓأَيُّهَا ٱلنَّبِىُّ إِذَا جَآءَكَ ٱلْمُؤْمِنَـٰتُ يُبَايِعْنَكَ عَلَىٰٓ أَن لَّا
يُشْرِكْنَ بِٱللَّهِ شَيْـًٔا وَلَا يَسْرِقْنَ وَلَا يَزْنِينَ وَلَا يَقْتُلْنَ
أَوْلَـٰدَهُنَّ وَلَا يَأْتِينَ بِبُهْتَـٰنٍ يَفْتَرِينَهُۥ بَيْنَ أَيْدِيهِنَّ
وَأَرْجُلِهِنَّ وَلَا يَعْصِينَكَ فِى مَعْرُوفٍ ۙ فَبَايِعْهُنَّ
وَٱسْتَغْفِرْ لَهُنَّ ٱللَّهَ ۖ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٢﴾
يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ
عَلَيْهِمْ قَدْ يَئِسُوا۟ مِنَ ٱلْـَٔاخِرَةِ كَمَا يَئِسَ ٱلْكُفَّارُ
مِنْ أَصْحَـٰبِ ٱلْقُبُورِ ﴿١٣﴾

11. നിങ്ങളുടെ ഭാര്യമാരിൽനിന്ന് വല്ലവരും അവിശ്വാസികളുടെ കൂട്ടത്തിലേക്ക് (പോയിട്ട് നിങ്ങൾക്ക്) നഷ്ടപ്പെടുകയും എന്നിട്ട് നിങ്ങൾ അനന്തര നടപടിയെടുക്കുകയും ചെയ്യുകയാണെങ്കിൽ ആരുടെ ഭാര്യമാരാണോ നഷ്ടപ്പെട്ടുപോയത്, അവർക്ക് അവർ ചെലവഴിച്ച തുക (മഹ്ർ) പോലുള്ളത് നിങ്ങൾ നൽകുക. ഏതൊരു അല്ലാഹുവിൽ നിങ്ങൾ വിശ്വസിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

12. ഓ; നബീ, അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും, മോഷ്ടിക്കുകയില്ലെന്നും, വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ മക്കളെ കൊന്നുകളയുകയില്ലെന്നും, തങ്ങളുടെ കൈകാലുകൾക്കിടയിൽ വ്യാജവാദം കെട്ടിച്ചമച്ചുകൊണ്ടുവരികയില്ലെന്നും, യാതൊരു നല്ല കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും നിന്നോട് പ്രതിജ്ഞ ചെയ്തുകൊണ്ട് സത്യവിശ്വാസിനികൾ നിന്റെ അടുത്തുവന്നാൽ നീ അവരുടെ പ്രതിജ്ഞ സ്വീകരിക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

13. സത്യവിശ്വാസികളേ, അല്ലാഹു കോപിച്ചിട്ടുള്ള ഒരു ജനതയോട് നിങ്ങൾ മൈത്രിയിൽ ഏർപ്പെടരുത്. ക്വബ്റുകളിലുള്ളവരെ സംബന്ധിച്ച് അവിശ്വാസികൾ നിരാശപ്പെട്ടതുപോലെ പരലോകത്തെപ്പറ്റി അവർ നിരാശപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

11). (നിങ്ങളുടെ ഭാര്യമാരിൽനിന്നും വല്ലവരും അവിശ്വാസികളുടെ കൂട്ടത്തിലേക്ക് നഷ്ടപ്പെടുകയും) അതായത് മതമുപേക്ഷിച്ചവരായി പോവുക. (എന്നിട്ട് നിങ്ങൾ അനന്തരനടപടി എടുക്കുകയും ചെയ്യുകയാണെങ്കിൽ ആരുടെ ഭാര്യമാരാണോ നഷ്ടപ്പെട്ടുപോയത്, അവർക്ക് അവർ ചെലവഴിച്ച തുക നിങ്ങൾ നൽകുക) നേരത്തെ പറഞ്ഞതുപോലെ സത്യനിഷേധികൾ അവരുടെ ഭാര്യമാർ മുസ്‌ലിം

കളായി വരുമ്പോൾ അവർക്കുണ്ടായ നഷ്ടത്തിനു പകരം സ്വീകരിക്കുന്നു. അതിനാൽ സത്യനിഷേധികളിലേക്ക് മുസ്‌ലിംകളുടെ ഭാര്യമാർ പോവുകയും നഷ്ടപ്പെടുകയും ചെയ്താൽ മുസ്‌ലിംകൾക്കും അവർക്കുള്ള നഷ്ടം ഈടാക്കാൻ അവകാശമുണ്ട്.

(ഏതൊരല്ലാഹുവിൽ നിങ്ങൾ വിശ്വസിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക) അപ്പോൾ അല്ലാഹുവിലുള്ള നിങ്ങളുടെ വിശ്വാസം അനിവാര്യമായും ധാർമിക ജീവിതം നയിക്കാൻ താൽപര്യപ്പെടുന്നു. നിത്യമായി തന്നെ.

12). 'സ്ത്രീകളുടെ ബൈഅത്ത്' എന്ന് നാമകരണം ചെയ്യപ്പെട്ട ഈ വചനത്തിലാണ് ഈ നിബന്ധനകൾ പറയുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും എല്ലാ സമയത്തും ഒന്നിച്ച്ബാധകമായ നിർബന്ധ കാര്യങ്ങൾ നിർവഹിക്കുമെന്നാണ് ഇവർ കരാർ ചെയ്യുന്നത്. എന്നാൽ പുരുഷന്മാർ സാഹചര്യങ്ങൾ മൂലവും അവസ്ഥകൾ അനുസരിച്ചും അവർക്ക് ബാധകമാകന്ന കാര്യങ്ങളിൽ വ്യത്യാസമുണ്ടായിരിക്കും; അവരുടെമേൽ നിശ്ചയിക്കുന്നത് അനുസരിച്ചും. നബിﷺയാവട്ടെ, തന്നോട് അല്ലാഹു കൽപിച്ചതെല്ലാം നിർവഹിച്ചു. ഈ നിബന്ധനകൾ പാലിച്ചുകൊണ്ട് സ്ത്രീകൾ നബിയെ ബൈഅത്ത് ചെയ്യാൻ വന്നാൽ അവർക്ക് വേണ്ടി അല്ലാഹുവോട് പാപമോചനം തേടണം. അവർക്കുണ്ടായ വീഴ്ചകളിൽ അവരെ വിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്യണം.

(അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും) ആരാധനയിൽ അല്ലാഹുവിനെ അവർ ഏകനാക്കുമെന്ന്. (തങ്ങളുടെ മക്കളെ കൊന്നുകളയുകയില്ലെന്നും) പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുകയും, ജാഹിലിയ്യ കാലത്തെ വിഡ്ഢികളായ സ്ത്രീകൾ ചെയ്തിരുന്നതു പോലെ. (വ്യഭിചരിക്കുകയില്ലെന്നും) രഹസ്യ കൂട്ടുകാരെ സ്വീകരിക്കുന്നവരും വേശ്യകളും അന്ന് ധാരാളമായുണ്ടായിരുന്നു.

(തങ്ങളുടെ കൈകാലുകൾക്കിടയിൽ വ്യാജവാദം കെട്ടിമച്ചുകൊണ്ട് വരികയില്ലെന്നും) ആരോപണം. മറ്റുള്ളവരുടെമേൽ കളവായി ആരോപിക്കുക. ഒരു സാഹചര്യത്തിലും അങ്ങനെ ചെയ്യില്ലെന്ന്. അത് തങ്ങളുടെ ഭർത്താക്കളെക്കുറിച്ചാണെങ്കിലും; മറ്റുള്ളവരെക്കുറിച്ചാണെങ്കിലും.

(യാതൊരു നല്ല കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും) നീ അവരോട് കൽപിക്കുന്ന ഏതു കാര്യത്തിലും നിന്നോടവർ അനുസരണക്കേട് കാണിക്കുകയില്ലെന്ന്. കാരണം നീ നല്ലതല്ലാതെ കൽപിക്കുകയില്ല. അതിൽ നിനക്കവർ അനുസരണം കാണിക്കുക. മരിച്ചാലുള്ള ആചാരക്കരച്ചിൽ, മാറ് വലിച്ചുകീറൽ, മുഖം മാന്തിപ്പൊളിക്കൽ, ജാഹിലിയ്യകാലത്തെ വിളിച്ചുപറയൽ തുടങ്ങിയ ഒരു കാര്യവും നിന്റെ കൽപനക്ക് വിരുദ്ധമായി ചെയ്യില്ലെന്ന്. (എന്നാൽ അവരുടെ പ്രതിജ്ഞ സ്വീകരിക്കുകയും) അതായത് ഈ പറയപ്പെട്ട എല്ലാ കാര്യങ്ങളും അവർ പാലിക്കുന്നുവെങ്കിൽ.

(അവർക്കു വേണ്ടി അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക) അവരുടെ ചിന്തകളെ നന്നാക്കാനും അവരുടെ വീഴ്ചകൾ പരിഹരിക്കാനും. (തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനാണ്) അതായത് തെറ്റ് ചെയ്യുന്നവർക്ക് പാപമോചനം അധികമായി നൽകുന്നവൻ. ഖേദിച്ചു മടങ്ങുന്ന കുറ്റവാളികൾക്ക് നന്മ ചെയ്യുന്നവൻ. (കരുണാനിധിയുമാകുന്നു) അവന്റെ അനുഗ്രഹം എല്ലാറ്റിലു വിശാലമായിരിക്കുന്നു. സൃഷ്ടികളിൽ അവന്റെ നന്മ വ്യാപിച്ചിരിക്കുന്നു.

13). ഏ, സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുന്നവരും അവന്റെ തൃപ്തിയെ പിൻപറ്റുകയും അവന്റെ കോപത്തിൽ നിന്ന് അകന്നുനിൽക്കുന്നവരുമാണെങ്കിൽ (അല്ലാഹു കോപിച്ചിട്ടുള്ള ഒരു ജനതയോട് നിങ്ങൾ മൈത്രിയിലേർപ്പെടരുത്). അവരുടെ അവിശ്വാസംമൂലം മാത്രമാണ് അവരോടവൻ കോപിച്ചത്. ഇത് എല്ലാവിധ അവിശ്വാസികളെയും ഉൾക്കൊള്ളുന്നതാണ്.

(പരലോകത്തെ പറ്റി അവർ നിരാശപ്പെട്ട് കഴിഞ്ഞിരിക്കുന്നു) പരലോക നന്മകൾ അവർക്ക് തടയപ്പെട്ടിരിക്കുന്നു. അതിൽനിന്ന് ഒരു വിഹിതവും അവർക്കില്ല. അവരോട് മൈത്രിബന്ധം സ്ഥാപിക്കുന്നതിനെയും അവരുടെ തിന്മകളിലും ബഹുദൈവവിശ്വാസത്തിലും അവരോട് യോജിക്കുന്നതിലും നിങ്ങൾ സൂക്ഷിക്കണം. അങ്ങനെ വന്നാൽ അവർക്ക് പരലോക നന്മകൾ വിലക്കപ്പെട്ട പോലെ നിങ്ങൾക്കും വിലക്കപ്പെടും.

(ക്വബ്‌റുകളിൽനിന്നുള്ള അവിശ്വാസികൾ നിരാശപ്പെട്ടതു പോലെ). അതായത് അവർ പരലോകത്ത് എത്തിയപ്പോൾ, അവിടുത്തെ യാഥാർഥ്യങ്ങൾ നേരിൽ കാണുകയും ചെയ്തപ്പോൾ ഉറപ്പായ അറിവ് അവർക്ക് കിട്ടി. അവർക്കൊരു വിഹിതവും അവിടെയില്ലെന്ന് അവക്ക് ഉറപ്പായി.

മറ്റൊരർഥത്തിനും ഇവിടെ സാധ്യതയുണ്ട്. പരലോകത്തിൽ അവർ നിരാശപ്പെട്ടു എന്നുവെച്ചാൽ അവർ അതിനെ നിഷേധിക്കുകയും അതിൽ അവിശ്വസിക്കുകയും ചെയ്തു.

അല്ലാഹു കോപിക്കുന്ന കാര്യങ്ങളിലേക്കും അവന്റെ ശിക്ഷ നിർബന്ധമാകുന്നതിലേക്കും അവർ മുന്നോട്ട് വരുന്നതിലോ പരലോകത്തിൽ നിരാശപ്പെടുന്നതിലോ ആശ്ചര്യമില്ല. ക്വബ്‌റാളികൾ അല്ലാഹുവിലേക്ക് തിരിച്ചുവരുന്ന കാര്യത്തിലും ഇഹലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുന്നതിലും അവിശ്വാസികൾ നിരാശരായിരിക്കുന്നത് പോലെ.

**(മുംതഹിന വ്യാഖ്യാനം പൂർത്തിയായി)**

ഉസ്മാൻ പി.എച്ച്
mail@nerpatham.com





# വിശപ്പ്

ദൂരെ എവിടെയോനിന്ന് മഗ്‌രിബ് ബാങ്ക് മുഴങ്ങി. വൃദ്ധൻ പുറംവരാന്തയിൽനിന്നും എഴുന്നേറ്റു. പക്ഷികൾ ചുവന്ന ചക്രവാളത്തിലേക്ക് കൂട്ടത്തോടെ പറക്കുന്ന ദൃശ്യത്തിനൊപ്പം ബാങ്കിന്റെ ശബ്ദം ഏറെ മനോഹരമായി തോന്നി. മീനച്ചൂടിൽ പൊള്ളിയ മുറ്റത്തിന്റെ ചൂട് കുറഞ്ഞുവരുന്നു.

വൃദ്ധൻ പുറത്തിറങ്ങി. വുദൂഅ് ചെയ്യുമ്പോൾ പടികടന്നു വരുന്നത് മകനാണെന്ന് കാൽപ്പെരുമാറ്റത്തിൽ നിന്നു തന്നെ അയാൾക്ക് മനസ്സിലായി.

'ഉപ്പാക്ക് ഒരു കത്തുണ്ട്' മകൻ പറഞ്ഞു.

'കത്തോ? എനിക്കോ!' വുദൂഅ് പൂർത്തിയാക്കി തിരിഞ്ഞ വൃദ്ധൻ അത്ഭുതത്തോടെ ചോദിച്ചു.

തനിക്കാരു കത്തയക്കാൻ! എത്രയോ വർഷങ്ങൾക്കുമുമ്പ് കിട്ടിയതാണ് ഒരു കത്ത്. അത് നാട് വിട്ടുപോയ അനുജന്റെ മേൽവിലസമില്ലാത്ത കത്തായിരുന്നു. തനിക്ക് സുഖമില്ലെന്നും ഇനി തമ്മിൽ കണ്ടേക്കില്ലെന്നും കത്തിൽ അനുജൻ എഴുതിയതു വായിച്ച് അന്ന് ആ കത്ത് അയാളുടെ കയ്യിലിരുന്ന് വിറച്ചു. അനുജന്റെ കത്ത് അയാൾ കുറെനാൾ സൂക്ഷിച്ചുവച്ചു. അവനെ ഓർക്കുമ്പോഴൊക്കെ ആ കത്തെടു

ത്ത് അതിലേക്ക് നോക്കി ഇരിക്കുമായിരുന്നു. കാല പ്രവാഹത്തിൽ അനുജനും അയാൾ അയച്ച കത്തും മറവിയിൽ ആണ്ടുപോയി.

എന്നെങ്കിലും തിരിച്ചുവരുമെന്ന പ്രതീക്ഷ അസ്തമിച്ചിരിക്കുന്ന ഈ സമയത്ത് വന്ന കത്ത് അവന്റെതായിരിക്കുമോ? പരിചയത്തിലുള്ള പല മുഖങ്ങളെയും പരതി. വർഷങ്ങൾക്കു പിന്നിലേക്ക് ഓർത്ത് നോക്കി. ഇല്ല, അങ്ങനെ ആരും തനിക്ക് കത്തയക്കാനില്ല.

വൃദ്ധൻ നമസ്കരിച്ചു കഴിഞ്ഞപ്പോൾ കത്തുമായി അരികിൽ നിൽക്കുന്ന പേരക്കുട്ടിയെ കണ്ടു.

"ഇതാ ഉപ്പുപ്പാക്കുള്ള കത്ത്."

അയാൾക്ക് കുറച്ചു കാലമായി കണ്ണ് പിടിക്കാറില്ല. തിമിരത്തിന്റ ഓപ്പറേഷൻ രണ്ടു കണ്ണിനും ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞതാണ്. ചെയ്തിട്ടില്ല. ഈ വീടിന്റെ അകത്തും മുറ്റത്തും നടക്കാൻ ഈ കാഴ്ച മതി എന്ന് ഓപ്പറേഷനു നിർബന്ധിക്കുന്ന മകനോട് അയാൾ പറഞ്ഞൊഴിയും.

"മോൻ അത് പൊട്ടിച്ച് വായിക്ക്" അയാൾ പേരക്കുട്ടിയോടു പറഞ്ഞു.

"മോനേ ഇത് പോസ്റ്റ്മാൻ തന്നതാണോ" എന്ന് അയാൾ അകത്തേക്ക് വിളിച്ചു ചോദിച്ചു.

"പോസ്റ്റലായി വന്നതല്ല. പള്ളിയിൽവച്ച് നമ്മുടെ അന്ത്രുക്ക തന്നതാണ്" എന്ന് മകൻ മറുപടി പറഞ്ഞു.

ഒരു ചെറുപ്പക്കാരൻ ഇന്ന് ഉച്ചക്ക് പള്ളിയിലെത്തി അന്ത്രുക്കയെ ഏൽപിച്ചതാണ്. ഉപ്പ പണ്ട് ചായക്കട നടത്തിയിരുന്ന സ്ഥലത്ത് അയാൾ അന്വേഷിച്ചു ചേന്നത്രെ. ആ പഴയ കെട്ടിടം പൊളിച്ച് അവിടെ പുതിയ കോംപ്ലക്സ് കെട്ടിടം വന്നല്ലോ. അവിടെ മെഡിക്കൽ സ്റ്റോർ നടത്തുന്ന ബദറുവാണത്രെ അയാളെ പള്ളിയിലേക്ക് പറഞ്ഞുവിട്ടത്.

ഇതു കേട്ടപ്പോൾ അനേകം ചോദ്യങ്ങൾ വൃദ്ധന്റെ ഉള്ളിലുണ്ടായി. ചിന്തകൾ ആ പഴയ കച്ചവടസ്ഥലത്തേക്ക് അയാളെ കൂട്ടിക്കൊണ്ടു പോയി.

പേരക്കുട്ടി കവർ പൊട്ടിക്കവെ കുറെ നോട്ടുകൾ അയാളുടെ മുന്നിലേക്ക് ചിതറി വീണു. അയാൾക്ക് ഒന്നും മനസ്സിലായില്ല. കുട്ടി എല്ലാം പെറുക്കിയെടുത്ത് എണ്ണി നോക്കി.


"ഇത് കുറെ രൂപയുണ്ടല്ലോ ഉപ്പുപ്പാ. ആരാപ്പൊ ഇങ്ങനെ കവറിലാക്കി പണം തരാൻ?" അവൻ ചോദിച്ചു.

വൃദ്ധന്റെ അതു കണ്ട് സ്തബ്ധനായി നിൽക്കുകയായിരുന്നു. കവറിലുണ്ടായിരുന്ന കടലാസ് നിവർത്തി കുട്ടി വായിക്കാൻ തുടങ്ങി.

പ്രിയപ്പെട്ട അബ്ദുക്കാ,

എന്റെ പേര് പറയുന്നതിൽ അർഥമില്ല. ഞാൻ പണ്ട് നിങ്ങൾ ചായക്കട നടത്തിയിരുന്ന കവലക്കടുത്തുള്ള സ്കൂളിൽ പഠിച്ചിരുന്നു. അനാഥാലയത്തിൽനിന്ന് സ്കൂളിലേക്കുള്ള വഴിയിൽ നിങ്ങളുടെ കടയിലെ ചില്ലുകൂട്ടിൽ വെച്ച പലഹാരങ്ങൾ ഞാൻ എന്നും കൊതിയോടെ നോക്കി നിൽക്കുമായിരുന്നു. അനാഥാലയത്തിൽനിന്നു കിട്ടുന്ന പാതിവയർ മാത്രം നിറയുന്ന കഞ്ഞി സ്കൂളിലെത്തും മുമ്പ് ദഹിച്ചുപോകും. ഞാനന്ന് പത്താം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. എനിക്കാണെങ്കിൽ എപ്പോഴും വിശപ്പായിരുന്നു. ഇന്നത്തെ പോലെയല്ല, അന്നൊക്കെ അനാഥശാലകളുടെ അവസ്ഥ വളര പരിതാപകരമായിരുന്നു. വിശപ്പ് ബാധിച്ചു വിളറിയ ഒരു ഇന്റർവെൽ സമയത്താണ് ഒപ്പമുള്ള ഒരു സുഹൃത്ത് എന്നോട് ഒരു കാര്യം പറയുന്നത്.

'അബ്ദുക്കാന്റെ കടയിൽ ഈ നേരത്ത് നല്ല തിരക്കാണ്. ഭക്ഷണം കൊടുക്കാനും മേശ തുടക്കാനും പാത്രം തിരിച്ചെടുക്കാനും പൈസ മേടിക്കാനും എല്ലാം കൂടി രണ്ടു പേർ മാത്രം.



ഈ സമയത്ത് അവിടെ കയറി ഭക്ഷണം കഴിച്ചിട്ട് മിണ്ടാതെ ഇറങ്ങിപ്പോയാൽ ആരും അറിയില്ല. ഞാൻ ഒന്നുരണ്ടുവട്ടം പോയി. നീ വാ. നമുക്കു പോയി നോക്കാം.'

'വേണ്ട. ഒരാളെ പറ്റിച്ചു ഭക്ഷണം കഴിച്ചാൽ പടച്ചവൻ പൊറുക്കില്ല. ഞാൻ അവനെ വിലക്കി.

'നീ ഒന്ന് പോടാ. വിശപ്പുകൊണ്ടല്ലേ. വേറെ വഴിയില്ലാത്തതുകൊണ്ടല്ലേ...'' സുഹൃത്ത് ന്യായീകരിക്കാൻ ശ്രമിച്ചു.

അവൻ എത്ര നിർബന്ധിച്ചിട്ടും ഞാൻ അന്ന് അതിന് തയ്യാറായില്ല. വൈകുന്നേരം വാടിത്തളർന്ന് അനാഥശാലയിലേക്ക് തിരിച്ചു നടക്കുമ്പോൾ നിങ്ങളുടെ ചില്ലലമാരയിലെ പലഹാരങ്ങൾ കാലിയായിരുന്നു. എനിക്ക് ആശ്വാസം തോന്നി. പിന്നീട് പല ദിവസങ്ങളിലും സുഹൃത്ത് എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. പലപ്പോഴും വിശപ്പും പലഹാരത്തോടുള്ള കൊതിയും കൊണ്ട് എനിക്ക് അവൻ പറയുന്നത് പോലെ ചെയ്യാൻ തോന്നിയിരുന്നു.

ഒരു ദിവസം ഞാൻ അവനോടൊപ്പം പോവുകതന്നെ ചെയ്തു. കർക്കിടകം മുടിയഴിച്ചാടുന്ന ഒരു കറുത്ത പകലായിരുന്നു അത്. മഴ സ്വതവെയുള്ള എന്റെ വിശപ്പ് ഇരട്ടിയാക്കിയിരുന്നു. വിശന്നിട്ട് എനിക്ക് തല ചുറ്റുന്നുണ്ടായിരുന്നു. കടയിലെ തിരക്കിന്റെയും മഴയുടെയും ബഹളത്തിൽ ഞങ്ങൾ ആർത്തിയോടെ നിങ്ങളുടെ കടയിലെ പലഹാരം എടുത്ത് കഴിച്ചു. നെഞ്ചിടിപ്പോടെ, ആരും ശ്രദ്ധിക്കുന്നില്ലെന്ന് ഉറപ്പാക്കി ഇറങ്ങിപ്പോയി.

പ്രിയപ്പെട്ട അബ്ദുക്കാ. പിന്നീട് പലപ്പോഴും ഞാൻ ഇത് ആവർത്തിച്ചു; ഞാൻ മാത്രമല്ല പല കുട്ടികളും.

കാലം കുറെ കഴിഞ്ഞു. ജീവിതം മാറിയും മറിഞ്ഞും മുന്നോട്ടുപോയി. വിജയങ്ങളും പരാജയങ്ങളുമുണ്ടായി. ഞാൻ പ്രവാസിയായി മാറി. വൈവിധ്യമാർന്ന പലവിധ ഭക്ഷണങ്ങളും ആസ്വദിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായി. വിശപ്പെന്തെന്ന് അറിയാൻ ഇടവരാത്ത വിധം ഭക്ഷണം എന്റെ മുന്നിലെത്തു അവസ്ഥ കൈവന്നു.



പക്ഷേ, അന്ന് നിങ്ങളുടെ കടയിൽനിന്ന് കട്ടുകഴിച്ച ഭക്ഷണം ഇന്നും എന്റെയുള്ളിൽ ദഹിക്കാതെ കിടക്കുകയാണ്. വിശപ്പാണ് എന്നെക്കൊണ്ട് ആ തെറ്റു ചെയ്യിച്ചത്. വർഷങ്ങൾക്ക് ശേഷം പണം തന്നാൽ ആയ കടം വീട്ടാനോ തെറ്റുതിരുത്താനോ ആകില്ല എന്നറിയാം. ഇതിന്റെ കൂടെ കുറച്ച് പൈസകൂടി വെക്കുന്നുണ്ട്. ഇത് എത്രയുണ്ടെങ്കിലും പകരമാകില്ല എന്നും അറിയാം. എങ്കിലും ഇതു സ്വീകരിച്ച് വിശപ്പുകൊണ്ട് അവിവേകം ചെയ്തുപോയ എന്നോടും എന്റെ സുഹൃത്തുക്കളോടും പൊറുക്കണമെന്നും പൊരുത്തപ്പെടണമെന്നും അപേക്ഷിക്കുകയാണ്. എന്ന് വിശ്വാസപൂർവം...''

കുട്ടി കത്തുവായിച്ച് നിർത്തവെ കർക്കിടകത്തിലെ മഴപോലെ കണ്ണുനീർ ആർത്തലച്ചുവന്ന് വൃദ്ധന്റെ കണ്ണുകളെ മൂടി.



# മാതാപിതാക്കളുടെ അവകാശങ്ങൾ

ലേഖനം

സയ്യിദ് സഅ്ഫർ സ്വാദിഖ്
sahfarsadik@gmail.com

ഇസ്‌ലാം കുടുംബബന്ധത്തിന് വളരെ വലിയ പ്രാധാന്യം നൽകുന്ന മതമാണ്. അതിന്റെ കെട്ടുറപ്പിനു വേണ്ട എല്ലാ നിർദേശങ്ങളും കൽപനകളും ഇസ്‌ലാം നൽകുന്നുണ്ട്.

മാതാപിതാക്കളാണ് കുടുംബത്തിന്റെ നെടുംതൂണുകൾ. അവർ കുടുംബത്തിന്റെ ബാധ്യതകൾ വഹിക്കുകയും സന്താനങ്ങളുടെ എല്ലാവിധ അഭിവൃദ്ധിക്കുമായി ഒട്ടേറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അഭിമുഖീകരിക്കുകയും സഹിക്കുകയും ചെയ്യുന്നവരാണ്. അതുകൊണ്ടല്ലാം തന്നെ ഇസ്‌ലാം അവർക്ക് ഉന്നതമായ സ്ഥാനമാണ് നൽകുന്നത്. സന്താനങ്ങളോട് ഒരുപാട് അവകാശങ്ങൾ അവർക്ക് നൽകുവാൻ നിർബന്ധിക്കുകയും ചെയ്യുന്നു. പുണ്യം, വിനയം, പരിഗണന, കാരുണ്യം, സൽസ്വഭാവം, മര്യാദയോടെ പെരുമാറൽ, ആദരവ് പോലെയുള്ള കാര്യങ്ങൾ ഇസ്‌ലാം മക്കളോട് മാതാപിതാക്കൾക്ക് വേണ്ടി ആവശ്യപ്പെടുന്നു.

മാതാപിതാക്കളോട് നന്മ ചെയ്യുന്നതിനെ അല്ലാഹുവിനെ ആരാധിക്കണമെന്ന് കൽപിക്കുകയും അവനിൽ യാതൊന്നിനെയും പങ്കുചേർക്കരുതെന്ന് പറയുകയും ചെയ്യുന്ന കാര്യത്തോട് ചേർത്തുകൊണ്ട്‌വിശുദ്ധഖുർആനിൽ പറഞ്ഞതായി കാണാം. അല്ലാഹു പറയുന്നു:

"അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്; മാതാപിതാക്കൾക്ക് നന്മ ചെയ്യണം എന്ന് നാം ഇസ്‌റാഈല്യരോട് കരാർ വാങ്ങിയ സന്ദർഭം (ഓർക്കുക)" (ക്വുർആൻ 2:83).

"നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക" (ക്വുർആൻ 4:36).

"(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്കു ഞാൻ പറഞ്ഞുകേൾപിക്കാം. അവനോട് യാതൊന്നിനെയും പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യണം." (ക്വുർആൻ 6:151).

"എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ." (ക്വുർആൻ 31:14).

ബഹുദൈവാരാധകരായ മാതാപിതാക്കളോടു പോലും നന്മയിൽ വർത്തിക്കണമെന്ന് ഇസ്‌ലാം മുസ്‌ലിംകളെ ഉപദേശിക്കുന്നു. എന്നാൽ അല്ലാഹുവിനെ ധിക്കരിക്കുവാനും അവനിൽ പങ്കുചേർക്കുവാനും അവർ കൽപിക്കുകയാണെങ്കിൽ ആ വിഷയത്തിൽ അവരെ അനുസരിക്കുവാൻ പാടില്ല.

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. നിനക്ക് യാതൊരറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ചുപോകരുത്. എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്" (ക്വുർആൻ 29:8).

"മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു.-ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭംചുമന്നു നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷംകൊണ്ടുമാണ്-എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം. നിനക്ക് യാതൊരറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെമേൽ നിർബന്ധം ചെലുത്തുന്നപക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് അവരോട് നീ നല്ലനിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം"(ക്വുർആൻ 31:14-15).

വാർധക്യത്തിൽ അവരോട് പ്രത്യേകം നന്മ ചെയ്യുവാൻ കൽപിക്കുന്നു. അല്ലാഹു പറയുന്നു:

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവരിൽ രണ്ടുപേരും തന്നെയോ നിന്റെ അടുക്കൽവച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ 'ചെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് അവർ ഇരുവർക്കും താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയതുപോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 17:23-24).

മാതാപിതാക്കളെ ധിക്കരിക്കുന്നത് പ്രവാചകൻﷺ നിരോധിച്ചിരിക്കുന്നു. അല്ലാഹുവിൽ പങ്കുചേർക്കുന്നത് കഴിഞ്ഞാലുള്ള വൻപാപങ്ങളിൽ ഏറ്റവും വലിയ വൻപാപമായി അതിനെ എണ്ണുകയും ചെയ്തിരിക്കുന്നു.

അബൂബക്കർ(റ)വിൽനിന്ന് നിവേദനം; പ്രവാചകൻﷺ പറഞ്ഞു: 'വൻപാപങ്ങളിൽ ഏറ്റവും വലിയ വൻപാപങ്ങളെ സംബന്ധിച്ച് നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ?' ഞങ്ങൾ പറഞ്ഞു: 'അതെ, റസൂലേ.' തിരുമേനിﷺ പറഞ്ഞു: 'അല്ലാഹുവിൽ പങ്കുചേർക്കുക, മാതാപിതാക്കളെ ധിക്കരിക്കുക.' (തിരുമേനി ചാരിയിരിക്കുന്നതിൽനിന്നും നേരെയിരുന്നു, എന്നിട്ട് പറഞ്ഞു:) 'അറിയുക; കളവുപറയുക, കള്ളസാക്ഷ്യം ചെയ്യുക; അറിയുക കളവുപറയുക, കള്ളസാക്ഷ്യം ചെയ്യുക, അദ്ദേഹം നിശ്ശബ്ദനായിരിക്കുന്നില്ലായെന്ന് ഞാൻ പറയുന്നതുവരെ ഇങ്ങനെ ആവർത്തിച്ചുകൊണ്ടേയിരുന്നു."

മുഗീറതുബ്നു ശുഅ്ബ(റ)യിൽനിന്ന്: പ്രവാചകൻﷺ പറഞ്ഞു: 'തീർച്ചയായും മാതാപിതാക്കളെ ധിക്കരിക്കുന്നതും ഉപകാരം തടയുന്നതും അവകാശമില്ലാത്തത് ചോദിച്ചുവാങ്ങുന്നതും പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്നതും അല്ലാഹു നിങ്ങൾക്ക് വിലക്കിയിരിക്കുന്നു. അങ്ങനെ പറഞ്ഞു, ഇങ്ങനെ പറഞ്ഞുവെന്ന് പറയുന്നതും, ആവശ്യമില്ലാതെയുള്ള ചോദ്യങ്ങളും, സമ്പത്ത് ദുർവിനിയോഗം ചെയ്യുന്നതും നിങ്ങൾക്കവൻ വെറുക്കപ്പെട്ടതാക്കിയിരിക്കുന്നു."

നന്മയിൽ സഹവർത്തിക്കുവാൻ കൂടുതൽ അർഹരായവർ മാതാവും പിന്നീട് പിതാവുമാണെന്ന് പ്രവാചകൻﷺ വിശദീകരിച്ചിരിക്കുന്നു. അബൂഹുറയ്റ‏رضي الله عنه‏യിൽനിന്ന് നിവേദനം:

"നബിﷺയുടെ അടുത്തേക്ക് ഒരാൾ വന്നുകൊണ്ട് പറഞ്ഞു: 'തിരുദൂതരേ; എന്റെ നല്ല സഹവർത്തിത്വത്തിന് കൂടുതൽ അർഹരാരാണ്?' തിരുമേനിﷺ പറഞ്ഞു: 'നിന്റെ മാതാവ്.' ഞാൻ ചോദിച്ചു: 'പിന്നെ ആരാണ്?' തിരുമേനിﷺ പറഞ്ഞു: 'പിന്നെ നിന്റെ മാതാവ്.' ഞാൻ ചോദിച്ചു: 'പിന്നെ ആരാണ്?' തിരുമേനി പറഞ്ഞു: 'പിന്നെ നിന്റെ മാതാവ്.' ഞാൻ ചോദിച്ചു: 'പിന്നെ ആരാണ്?' തിരുമേനിﷺ പറഞ്ഞു: 'പിന്നെ നിന്റെ പിതാവ്."

മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നതിനെ ഇസ്‌ലാം ജിഹാദിനെക്കാൾ മുന്തിപ്പിച്ചിരിക്കുന്നു; ജിഹാദ് ഓരോ വ്യക്തിയുടെയും ബാധ്യതയാകാത്ത സന്ദർഭത്തിൽ.

അബ്ദുല്ലാഹിബ്നു അംറ്ബ്നുആസി‏رضي الله عنه‏ൽനിന്ന്; അദ്ദേഹം പറഞ്ഞു: "നബിﷺയുടെ അടുത്തേക്ക് ഒരാൾ വന്നുകൊണ്ട് പറഞ്ഞു: 'ഹിജ്റ പോകുവാനും ജിഹാദ് ചെയ്യുവാനും ഞാൻ താങ്കൾക്ക് ബൈഅത്ത് ചെയ്യുന്നു. അതുകൊണ്ട് ഞാനാഗ്രഹിക്കുന്നത് അല്ലാഹുവിന്റെ പ്രതിഫലമാണ്.' തിരുമേനിﷺ ചോദിച്ചു: 'താങ്കളുടെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ, രണ്ടുപേരും ജീവിച്ചിരിപ്പുണ്ട്.' തിരുമേനിﷺ ചോദിച്ചു: 'നീ അല്ലാഹുവിൽനിന്ന് പ്രതിഫലം ആഗ്രഹിക്കുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' തിരുമേനിﷺ പറഞ്ഞു: 'നിന്റെ മാതാപിതാക്കളിലേക്ക് നീ മടങ്ങിപ്പോവുക, അവരോടുള്ള സഹവർത്തിത്വം നന്നാക്കുകയും ചെയ്യുക."

മറ്റൊരാളുടെ പിതാവിനെ ചീത്തപറയുന്നത് പ്രവാചകൻﷺ വിലക്കിയിട്ടുണ്ട്:

അബ്ദുല്ലാഹിബ്നു അംറി‏رضي الله عنه‏ൽനിന്ന്; പ്രവാചകൻﷺ പറഞ്ഞു: 'തീർച്ചയായും വൻപാപങ്ങളിൽ ഏറ്റവും വലിയ പാപങ്ങളിൽ പെട്ടതാണ് ഒരാൾ തന്റെ മാതാപിതാക്കളെ ചീത്തപറയുകയെന്നത്.' ചോദിക്കപ്പെട്ടു: 'അല്ലയോ റസൂലേ; എങ്ങനെയാണ് ഒരാൾ തന്റെ മാതാപിതാക്കളെ ചീത്തപറയുക?' തിരുമേനി പറഞ്ഞു: 'ഒരാൾ മറ്റൊരാളുടെ പിതാവിനെ ചീത്തപറയുന്നു. അപ്പോൾ അവൻ ഇവന്റെ പിതാവിനെയും ചീത്ത പറയുന്നു. അവന്റെ ഉമ്മയെ ചീത്തപറയുന്നു. ഇവൻ അവന്റെ ഉമ്മയെയും ചീത്ത പറയുന്നു."

മാതാപിതാക്കളോട് നന്മ ചെയ്യണമെന്ന കൽപന ഇസ്‌ലാമിന്റെ നന്മയിൽ പെട്ടതാണ്. താഴെ വിവരിക്കുന്നത് ശ്രദ്ധിക്കുക:

1. സന്താനങ്ങൾക്ക് അല്ലാഹുവിനോടുള്ള ബാധ്യത കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ബാധ്യതയുള്ളത് തങ്ങളുടെ മാതാപിതാക്കളോടാണ്. അവരോട് നന്മ ചെയ്യുകയെന്നത് സന്താനങ്ങളുടെ പിരടിയിൽ ബന്ധിപ്പിച്ചിട്ടുള്ള ഒരു കടമയാണ്. കാരണം അവർ മുമ്പേ ഒരുപാട് ചെയ്തുതീർത്തിട്ടുണ്ട്. മാതാവ് അവനെ പത്തുമാസം തന്റെ വയറ്റിൽ വഹിച്ച് കൊണ്ടുനടന്നു. തന്റെ മുലപ്പാൽ അവനെ കുടിപ്പിച്ചു. തന്റെ നെഞ്ചിലവനെ വഹിച്ചുകൊണ്ട് നടന്നു. പിതാവാണെങ്കിൽ അവനോട് അനുകമ്പകാണിക്കുകയും ചെലവഴിച്ചത് എടുത്തുപറയാതെ സമ്പത്ത് ചെലവഴിക്കുകയും അവനെ പരിചരിക്കുകയും എല്ലാ നന്മയും അവനുവേണ്ടി ഇഷ്ടപ്പെടുകയും ചെയ്തു.

മാതാപിതാക്കളോടുള്ള സന്താനങ്ങളുടെ നന്മ ചെയ്യൽ അവർ സന്താനങ്ങൾക്ക് വേണ്ടി ചെയ്ത നന്മയുടെ കടം തീർക്കലാകുന്നു എന്ന് നാം തിരിച്ചറിയുക.

2. മാതാപിതാക്കളോട് നന്മ ചെയ്യുകയെന്നത് അവർ തങ്ങളെ പരിചരിച്ചതിനും നന്മയിൽ വളർത്തിയതിനും പകരം നന്ദി ചെയ്യലാകുന്നു. അല്ലാഹുവും പിന്നെ മാതാപിതാക്കളുടെ പരിചരണവും ഇല്ലായിരുന്നുവെങ്കിൽ സന്താനങ്ങളുടെ അവസ്ഥയും പ്രശ്നങ്ങളും വേറെ ഒരു രൂപത്തിലാകുമായിരുന്നു. സന്താനങ്ങൾക്ക് അവരുടെ പരിചരണം അത്യാവശ്യമായ സന്ദർഭത്തിൽ അവർ രണ്ടുപേരും സന്താനങ്ങളെ പരിഗണിച്ചു. അവർക്ക് സന്താനങ്ങളുടെ സഹായം ആവശ്യമുണ്ടായിരുന്നില്ല. എന്നിട്ടുപോലും ചെറുതും വലുതും കുറച്ചും കൂടുതലുമെന്ന് വ്യത്യാസമില്ലാതെ യാതൊന്നിലും പിശുക്ക് കാണിച്ചില്ല. അനുഗ്രഹം നൽകിയവനോട് നന്ദികാണിക്കുന്നതും നന്മ ചെയ്യുന്നവന് അവന്റെ നന്മക്ക് പകരം നന്ദിയർപ്പിക്കുന്നതും സൽസ്വഭാവത്തിൽ പെട്ടതാണ്. ഇസ്‌ലാം അവകാശങ്ങളുടെ മേഖലയെ പരിഗണിക്കുകയും സൽസ്വഭാവത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ഇതുകൊണ്ട് തന്നെ ഇസ്‌ലാമിന്റെ ഉന്നതമായ നന്മയിൽ പെട്ടതു തന്നെയാണ് അവർ ചെയ്ത സേവനങ്ങൾക്കും ചെലവഴിച്ച സമയങ്ങൾക്കും നന്ദിയെന്ന രൂപത്തിൽ മാതാപിതാക്കളോട് നന്മ ചെയ്യുവാൻ കൽപിക്കുന്നുവെന്നത്.

3. മാതാപിതാക്കൾ വാർധക്യത്തിലായിരിക്കുമ്പോൾ അവരെ പ്രത്യേകം പരിഗണിക്കുകയും അവർക്ക് നന്മ ചെയ്യുകയും ചെയ്യണമെന്ന് ഇസ്‌ലാം ഒന്നുകൂടി വ്യക്തമാക്കുകയും ഊന്നിപ്പറയുകയും ചെയ്യുന്നു. സന്താനങ്ങൾക്ക് ചെറുപ്പകാലത്ത് പരിചരണവും പരിഗണനയും ആവശ്യമായതുപോലെ ത്തന്നെ മാതാപിതാക്കൾക്ക് കൂടുതൽ പരിചരണവും പരിഗണനയും ആവശ്യമായിവരുന്ന സമയമാണ് വാർധക്യം. ഇവിടെയാണ് അവരുടെ അവകാശം ബോധ്യമാവുന്നത്. സന്താനങ്ങൾക്ക് അവരുടെ ബാധ്യതയും അവരുടെ പിരടിയിലുള്ള കടംവീട്ടലും നിർബന്ധമായിത്തീരുകയാണ്. ഇതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ അനുഗ്രഹത്തെ നിഷേധിക്കുന്നവനോ, സ്വയം നിന്ദ്യതയിലേക്ക് ആപതിക്കുന്നവനോ അല്ലാതെ സാധിക്കുകയില്ല. അല്ലാഹു പറയുന്നു:

"അവരോട് നീ 'ഛെ' എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്കു പറയുക" (ക്വുർആൻ 17:23).

5. മാതാപിതാക്കളുടെ ജീവിതകാലത്ത് മാത്രമല്ല, മക്കളോട് അവർക്കുവേണ്ടി നന്മ ചെയ്യുവാൻ കൽപിക്കുന്നത്; മറിച്ച് മരണത്തിന് ശേഷവും അത് നീണ്ടുകിടക്കുന്നു. പ്രവാചകന്റെ അടുത്തുവന്ന് ഒരാൾ പറഞ്ഞു: 'അല്ലയോ തിരുദൂതരേ; മാതാപിതാക്കളുടെ മരണത്തിന് ശേഷം ഞാൻ അവർക്ക് ചെയ്യേണ്ട വല്ല പുണ്യവും അവശേഷിക്കുന്നുണ്ടോ?' തിരുമേനിﷺ പറഞ്ഞു: 'അതെ, അവർക്കുവേണ്ടി പ്രാർഥിക്കുക, അവരുടെ കരാറുകൾ പൂർത്തീകരിക്കുക, അവർ രണ്ടുപേരിലൂടെയുമല്ലാതെ സാധ്യമാവാതിരുന്ന കുടുംബ ബന്ധം ചേർക്കുക.'

മാതാപിതാക്കൾ ചെറുപ്പത്തിൽ സന്താനങ്ങളെ പഠിപ്പിക്കുകയും പരിചരിക്കുകയും വളർത്തുകയും ചെയ്തതിന്റെ സ്വാധീനം സന്താനങ്ങൾ വലുപ്പത്തിലും അനുഭവിക്കുന്നു. അതുകൊണ്ട് തന്നെ മാതാപിതാക്കൾ ചെയ്ത കാര്യങ്ങൾ വളരെ ഉത്തമമാണ്. കാരണം അല്ലാഹു ഒഴിച്ചാൽ സന്താനങ്ങൾ നല്ല രീതിയിൽ വളരുവാൻ കാരണം മതാപിതാക്കളാണ്. പ്രവാചകൻﷺ പറഞ്ഞു:

"എല്ലാ സന്താനങ്ങളും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്. പിന്നീട് അവരുടെ മതാപിതാക്കളാണ് അവരെ ജൂതന്മാരും ക്രിസ്ത്യാനികളും മജൂസികളുമാക്കുന്നത്."

യഥാർഥ മുസ്‌ലിംകളായ മാതാപിതാക്കളാൽ വളർത്തപ്പെടുന്നവർ ഒരിക്കലും അവരുടെ ശുദ്ധ പ്രകൃതിയിൽ നിന്ന് വ്യതിചലിക്കുകയില്ല. അല്ലാഹു കഴിഞ്ഞാൽ അവർ മുസ്‌ലിംകളാവാനും ചൊവ്വായ മാർഗത്തിലൂടെ സഞ്ചരിക്കുവാനും കാരണമായി ഭവിച്ചിട്ടുള്ളത് മാതാപിതാക്കളാകുന്നു. അതുകൊണ്ട് തന്നെ സന്താനങ്ങൾക്ക് അവരോട് അവരുടെ മരണത്തിന് ശേഷവും ബാധ്യതകളുണ്ട്. അതിൽപെട്ടതാണ് അവർക്കുവേണ്ടി പ്രാർഥിക്കുക, അവരുടെ കരാറുകൾ നടപ്പിലാക്കുക, അവരിലൂടെയുള്ള കുടുംബ ബന്ധവും സുഹൃദ്ബന്ധവും ചേർക്കുകയും അവരുടെ കൂട്ടുകാരെയും സ്നേഹിതന്മാരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയെന്നത്. ഈ കാര്യങ്ങളൊക്കെ വ്യക്തമാക്കുന്നത് മാതാപിതാക്കൾക്ക് സന്താനങ്ങളിൽനിന്ന് ലഭിക്കേണ്ട ബാധ്യതകൾ നിയമമാക്കിയപ്പോൾ അവർ തങ്ങളുടെ സന്താനങ്ങൾക്ക് അർപ്പിച്ച സേവനങ്ങളുടെ മഹത്ത്വവും ഉന്നതിയും പരിഗണിച്ചുകൊണ്ടാണ് നിയമമാക്കിയിട്ടുള്ളത് എന്നാണ്.

6. സന്താനങ്ങളോട് മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന കൽപനയിലൂടെ സന്താനങ്ങളെ നല്ല രൂപത്തിൽ വളർത്തുവാനും ഉപകാരപ്രദമായ വിജ്ഞാനം നൽകുവാനും നേരായ മാർഗം കാണിച്ച് കൊടുക്കുവാനും മാതാപിതാക്കളെ പ്രേരിപ്പിക്കുന്നു.

ഏത് മാതാപിതാക്കളാണോ സ്വന്തം സന്താനങ്ങളെ നല്ല രൂപത്തിൽ വളർത്തുകയും പരിചരിക്കുകയും ചെയ്തത് അവർക്കാണ് സന്താനങ്ങളുടെ പരിചരണം ലഭിക്കുക എന്നതാണ് അനുഭവയാഥാർഥ്യം. ചെറുപ്പത്തിൽ സന്താനങ്ങളെ നല്ല രൂപത്തിൽ വളർത്തുകയും അവരോട് അനുകമ്പയും കരുണയും കാണിക്കുകയും ചെയ്താൽ അതേരൂപത്തിൽ വാർധക്യത്തിൽ സന്താനങ്ങൾ ആ മാതാപിതാക്കളോട് നന്മ ചെയ്യുകയും അവരോട് അനുകമ്പയും കരുണയും കാണിക്കുകയും ചെയ്യും.

മക്കൾക്ക് അല്ലാഹുവിൽനിന്ന് വലിയ പ്രതിഫലം ലഭിക്കുന്ന പുണ്യപ്രവർത്തനമാണ് ഇപ്പറഞ്ഞതെല്ലാം. പ്രവാചകൻﷺ പറഞ്ഞു:

"മാതാപിതാക്കളുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപം. മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തി."

വീണ്ടും പ്രവാചകൻﷺ പറയുന്നു: "വാർധക്യം പ്രാപിച്ച മാതാപിതാക്കളിൽ ഒരാളെയോ, അതല്ലെങ്കിൽ രണ്ടാളെയോ പരിചരിക്കുവാൻ ലഭിച്ചിട്ട്, അവനെ അത് സ്വർഗത്തിൽ പ്രവേശിപ്പിച്ചില്ലായെങ്കിൽ അവൻ തീരാനഷ്ടത്തിലാണ്."




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 200 – ചോദ്യങ്ങൾ

1) നബി(സ)പറഞ്ഞു: 'മർയമിന്റെ മകൻ ഈസാ(അ)യെ ക്രൈസ്തവർ അമിതമായി പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. നിശ്ചയം ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അല്ലാഹുവിന്റെ ദൂതനും അടിമയുമാണ് എന്ന് നിങ്ങൾ പറയുവിൻ' (ബുഖാരി). ഈ ഹദീഥ് ഏതു സ്വഹാബിയിൽനിന്നാണ് ഉദ്ധരിക്കുന്നത്?
(1) ഉമർ(റ) (2) അബൂഹുറയ്റ(റ) (3) ഇബ്നു മസ്ഊദ്(റ)

2) നബി(സ) പറഞ്ഞു: "ഈമാനിന് (വിശ്വാസത്തിന്) ............ ശാഖകളുണ്ട്. അതിലേറ്റവും ശ്രേഷ്ഠം 'ലാ ഇലാഹ ഇല്ല ല്ലാഹ്' ആണ്. ഏറ്റവും ഒടുവിലത്തേത് വഴിയിൽനിന്ന് തടസ്സം നീക്കലാണ്. ലജ്ജ ഈമാനിന്റെ ഭാഗമാണ്" (മുസ്‌ലിം).
(1) ഇരുപതിൽപരം (2) മുപ്പത്തിമൂന്ന് (3) എഴുപതിൽപരം

3) "...നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക..."
(1) ക്വുർആൻ 59:7 (2) ക്വുർആൻ 7:59 (3) ക്വുർആൻ 59:71

4) നന്മയിൽ സഹവർത്തിക്കുവാൻ കൂടുതൽ അർഹരായവർ ആരെന്നു ചോദിച്ചപ്പോൾ നബി(സ) ആവർത്തിച്ചു പറഞ്ഞത് ആരാണെന്നാണ്?
(1) ഭർത്താവ് (2) മാതാവ് (3) പിതാവ്

5) സസ്യങ്ങൾ കാർബൺ ഡൈ ഓക്സൈഡും ............ മണ്ണിലെ ധാതുലവണങ്ങളും ഉപയോഗപ്പെടുത്തി സൗരോർജത്തിന്റെ സഹായത്തോടെയാണ് അവയുടെ നിലനിൽപിന്നാവശ്യമായ ഭക്ഷണം തയ്യാറാക്കുന്നത്. ഈ പ്രക്രിയയെ 'പ്രകാശ സംശ്ലേഷണം' എന്നു പറയുന്നു.
(1) വെള്ളവും (2) ഓക്സിജനും (3) നൈട്രജനും

6) "സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്"
(1) ക്വുർആൻ 35:8 (2) ക്വുർആൻ 58:33 (3) ക്വുർആൻ 33:58

7) നബി(സ)യുടെ സ്വഭാവത്തെക്കുറിച്ച് പത്നി ............ ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞ മറുപടി 'നബി(സ)യുടെ സ്വഭാവം ക്വുർആനായിരുന്നു' എന്നാണ്.
(1) ആഇശ(റ) (2) ഖദീജ (3) മൈമൂന(റ)

8) "...നാശങ്ങൾ വരാനിരിക്കുന്നുണ്ട്. രാവിലെത്തെ വിശ്വാസി വൈകുന്നേരം അവിശ്വാസിയായി മാറും. വൈകുന്നേരത്തെ വിശ്വാസി രാവിലെ അവിശ്വാസിയായി മാറിയിട്ടുണ്ടാവും. തുഛമായ ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി തന്റെ മതത്തെ അവൻ വിൽപന നടത്തിക്കൊണ്ടിരിക്കും" (.............).
(1) അബൂദാവൂദ് (2) മുസ്‌ലിം (3) തിർമിദി

9) ............ പ്രധാനജോലി സൂര്യനിൽനിന്ന് ഭൂമിയിലേക്ക് വരുന്ന മാരകമായ അൽട്രാ വയലറ്റ് രശ്മികളെ മുകളിൽ തടഞ്ഞുനിർത്തുക എന്നതാണ്.
(1) ഓസോൺ പാളിയുടെ (2) മേഘത്തിന്റെ (3) അന്തരീക്ഷത്തിന്റെ

10) സൂറഃ മുംതഹിനയിലെ 'സ്ത്രീകളുടെ ബൈഅത്ത്' എന്ന് നാമകരണം ചെയ്യപ്പെട്ട ആയത്ത് നമ്പർ?
(1) 8 (2) 10 (3) 12

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



# ദുർന്യായങ്ങളെ പ്രമാണമാക്കി നബിദിനമാഘോഷിക്കുന്നവർ

ഇസ്‌ലാം പഠിപ്പിച്ച ആഘോഷങ്ങളെ അതിന്റെ പൂർണതയിൽ സ്വീകരിക്കുക എന്നതും അന്നേദിവസം കൽപിക്കപ്പെട്ട ആരാധനകൾ നിർവഹിക്കുക, സന്തോഷം പങ്കിടുക എന്നതും വിശ്വാസികളുടെ ബാധ്യതയാണ്. എന്നാൽ മതം പഠിപ്പിക്കാത്ത ഒരു കാര്യത്തെ ആഘോഷമായി കൊണ്ടാടുന്നത് അനാചാരമാണ്. അഥവാ പുത്തനാചാരമാണ്.

2020 ഒക്ടോബർ 16-31 ലക്കം 'സുന്നിവോയ്സി'ൽ ഒരു മുസ്‌ലിയാർ എഴുതിയത് കാണുക:

"റസൂൽﷺയുടെ ജന്മദിനം ലോക മുസ്‌ലിംകൾക്ക് എന്നും ഒരാവേശമാണ്. ലോകത്തിന് അനുഗ്രഹമായ പ്രവാചകരുടെ ആഗമനത്തിലുള്ള നന്ദി പ്രകടനങ്ങൾക്ക് ഒരുമിച്ചുകൂടലും സ്മരണ പുതുക്കലുമാണ് മൗലിദാഘോഷം കൊണ്ടുദ്ദേശിക്കുന്നത്" (പേജ് 25).

നബിﷺയുടെ വരവിന്റെ നന്ദിസൂചകമായി ഇങ്ങനെയൊരാഘോഷം കൊണ്ടാടുവാൻ പ്രമാണങ്ങളിലെവിടെയും പരാമർശിക്കപ്പെട്ടു കാണുന്നില്ല. പ്രവാചകന്റെയോ അനുചരന്മാരുടെയോ ജീവിതകാലത്ത് അവരാരും മൗലിദാഘോഷം നടത്തിയിട്ടുമില്ല.

നാശത്തിൽനിന്നും വഴികേടിൽനിന്നും മനുഷ്യരെ രക്ഷപ്പെടുത്തുന്ന വിശ്വാസ, സംസ്കരണ പാഠങ്ങൾ പകർന്നു നൽകാനാണ് അല്ലാഹു അന്തിമദൂതനെ അയച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു: "തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു" (ക്വുർആൻ 3:164).

അല്ലാഹു അവതരിപ്പിച്ച ക്വുർആനിലോ അതിന്റെ വിശദീകരണമായ ഹദീഥുകളിലോ യാതൊരു തെളിവുമില്ലാത്ത ഒരു കാര്യത്തെ ആരാധനയായി അനുഷ്ഠിക്കുന്നത് മതത്തെ അപഹസിക്കലാണ്. ഇത് മതത്തിൽ പുതിയൊരു നിയമമുണ്ടാക്കലും സമൂഹത്തെ അതിൽ തളച്ചിടലുമാണ്. ഇത്തരം പ്രവർത്തനങ്ങൾ അതീവ ഗുരുതരമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്" (ക്വുർആൻ: 42:21).

ലേഖകൻ തുടരുന്നു: "സ്നേഹ പ്രകടനങ്ങളെ ഭൗതികതയുടെ വ്യാപ്തിയിൽ അളക്കാൻ സാധിക്കുകയില്ല" (പേജ്: 25).

പ്രവാചക സ്നേഹമെന്ന പേരിൽ നടക്കുന്ന ജന്മദിനാഘോഷത്തിൽ നിറഞ്ഞുനിൽക്കുന്ന ശിർക്ക് ബിദ്അത്തുകളെയും അതിരുവിട്ട പ്രശംസകളെയും വെളുപ്പിക്കാനാണ് ലേഖകന്റെ ശ്രമം.

അല്ലാഹുവിനെയും നബിﷺയെയുമാണ് മറ്റെന്തിനെക്കാളും ഒരു വിശ്വാസി സ്നേഹിക്കേണ്ടത്. വിശ്വാസത്തിന്റെ പൂർണതയും മധുരവും ആസ്വാദനും അതിലൂടെ മാത്രമെ സാധ്യമാവുകയുള്ളൂ.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിൽ എന്നോട് ഏറ്റവും സ്നേഹമുള്ളവർ എനിക്കുശേഷം വരുന്ന ചിലരാണ്. സ്വന്തം കുടുംബത്തെക്കാളും സമ്പത്തിനെക്കാളും എന്നെ കണ്ടെങ്കിൽ എന്നായിരിക്കും അവർ ആഗ്രഹിക്കുക" (മുസ്‌ലിം: 2832).

വഹ്‌യിന്റെ വെളിച്ചത്തിൽ നബിﷺ പറഞ്ഞ കാര്യങ്ങളെ സത്യപ്പെടുത്തിയും അനുസരിച്ചും പിൻപറ്റിയും നാം ജീവിക്കുമ്പോഴാണ് അദ്ദേഹത്തോട് നമുക്ക് യഥാർഥ സ്നേഹവും ബഹുമാനവും ആദരവും ഉണ്ടാവുക. ഇതിൽ നമുക്കുള്ള മാതൃക പ്രവാചകന്റെ അനുചരന്മാരാണ്. അവരാരും സ്നേഹമെന്നും മീലാദാഘോഷമെന്നും പറഞ്ഞ് പരിധിവിട്ട പ്രശംസ നടത്തിയതായി തെളിയിക്കാൻ ആർക്കും സാധ്യമല്ല. ഇസ്‌ലാമിന്റെ ശത്രുക്കളായ ശിയാക്കളാണ് ഇതിന്റെ ഉപജ്ഞാതാക്കൾ.

മീലാദ് സദസ്സുകളിൽ ആലപിക്കപ്പെടുന്ന മൗലിദിലെ ചില വരികൾ കാണുക:

'സൃഷ്ടികളിൽവെച്ച് ഏറ്റവും ബഹുമാന്യരായ പ്രവാചകരേ! വ്യാപകമായ വിപത്തുകൾ ഇറങ്ങുന്ന ഘട്ടത്തിൽ താങ്കളല്ലാതെ എനിക്ക് അഭയം തേടാൻ മറ്റാരുണ്ട്' (യാ അക്റമ ബൈത്ത്).

'ദോഷങ്ങളുടെ(കൂമ്പാരങ്ങൾക്ക്) മുകളിൽ ഞാൻ കേറിയിരിക്കുന്നു; എണ്ണവും ക്ലിപ്തവുമില്ലാത്ത വിധം. അങ്ങയോടാണ് ഞാൻ അതിൽ ആവലാതി പറയുന്നത്' (മൻഖൂസ് മൗലിദ്).

'നേതാക്കളിൽ നേതാവായവരേ, താങ്കളിലേക്ക് ലക്ഷ്യംവെച്ചു ഞാനിതാ വന്നിരിക്കുന്നു.'

> **വഹ്‌യിന്റെ വെളിച്ചത്തിൽ നബിﷺ പറഞ്ഞ കാര്യങ്ങളെ സത്യപ്പെടുത്തിയും അനുസരിച്ചും പിൻപറ്റിയും നാം ജീവിക്കുമ്പോഴാണ് അദ്ദേഹത്തോട് നമുക്ക് യഥാർഥ സ്നേഹവും ബഹുമാനവും ആദരവും ഉണ്ടാവുക. ഇതിൽ നമുക്കുള്ള മാതൃക പ്രവാചകന്റെ അനുചരന്മാരാണ്. അവരാരും സ്നേഹമെന്നും മീലാദാഘോഷമെന്നും പറഞ്ഞ് പരിധിവിട്ട പ്രശംസ നടത്തിയതായി തെളിയിക്കാൻ ആർക്കും സാധ്യമല്ല. ഇസ്‌ലാമിന്റെ ശത്രുക്കളായ ശിയാക്കളാണ് ഇതിന്റെ ഉപജ്ഞാതാക്കൾ.**

'അവിടുത്തെ സംരക്ഷണം ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് എന്റെ ഉദ്ദേശ്യം നിരാകരിക്കരുതേ' (മൻഖൂസ് മൗലിദ്).

അല്ലാഹുവിനോട് മാത്രം പറയേണ്ട കാര്യങ്ങൾ നബിﷺയോട് പറയൽ പ്രവാചകസ്നേഹമാണോ? തെറ്റുകൾ സംഭവിച്ചുപോയാൽ നബിയോടാണോ ആവലാതി പറയേണ്ടത്? എന്ത് സ്നേഹ പ്രകടനമാണിത്? ആരാണിങ്ങനെ സ്നേഹിക്കാൻ പഠിപ്പിച്ചത്? ഇത് കേവല ഭൗതിക തേട്ടമാണോ?

വിപത്തിൽ അഭയം തേടാൻ നബിﷺ മാത്രമേയുള്ളൂ എന്നു പറയുന്നതും തെറ്റുകൾ പൊറുക്കുവാൻ നബിﷺയോട് തേടുന്നതും ശിർക്കല്ലാതെ മറ്റെന്താണ്? അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരിൽ ഒരാളും ഇത്തരമൊരു വിശ്വാസത്തെ പിന്തുണച്ചിട്ടില്ല. മദ്ഹാണ്, സ്നേഹപ്രടനമാണ് എന്നൊക്കെ പറഞ്ഞ് ഇതിനെ ന്യായീകരിക്കാമോ? നബിﷺയുടെ ശക്തമായ ശാസന ഈ വിഷയത്തിൽ കാണാവുന്നതാണ്.

ഉമർ(റ)വിൽനിന്ന്; നബിﷺപറഞ്ഞു: 'മർയമിന്റെ മകൻ ഈസാ(അ)യെ ക്രൈസ്തവർ അമിതമായി പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. നിശ്ചയം ഞാൻ അല്ലാഹുവിന്റെ അടിമയാണ്. അല്ലാഹുവിന്റെ ദൂതനും അടിമയുമാണ് എന്ന് നിങ്ങൾ പറയുവിൻ' (ബുഖാരി: 3445).

എന്നാൽ ലേഖകൻ പറയുന്നത് കാണുക: "പരിധിയില്ലാത്ത സ്നേഹ പ്രകടനങ്ങൾ പാടുണ്ടോ, അത് പ്രശ്നമാവില്ലേ എന്നൊക്കെ ചോദിക്കുന്നവരോടെന്ത് പറയാൻ! തിരുനബിയോടുള്ള സ്നേഹം ഈമാനിന്റെ സമ്പൂർണതയാണെന്നു മാത്രമാണ് അവർക്കുള്ള മറുപടി" (പേജ്: 25).

പരിധിവിട്ട് എന്തൊക്കെ കാട്ടിക്കൂട്ടിയാലും അതിനെ സ്നേഹത്തിന്റെ പട്ടിൽപൊതിഞ്ഞ് അവതരിപ്പിക്കാനാണ് ലേഖകന്റെ ശ്രമം.

മുസ്‌ലിയാർ എഴുതിവിട്ട ഒരു കടുത്ത ആക്ഷേപം കാണുക: "ഇപ്പോൾ ബിദ്അത്താണെന്ന് പ്രചരിപ്പിക്കുന്ന മൗലിദാഘോഷം കേരളത്തിലെ വഹാബികളുടെ ആദ്യകാല നേതാക്കൾ നടത്തിയതും നടത്തണമെന്ന് ആഹ്വാനം ചെയ്തതുമാണെന്നത് ചരിത്ര വസ്തുത. തെറ്റോ ബിദ്അത്തോ ആയി അവരതിനെ കണ്ടിട്ടില്ലെന്നോർക്കണം. മറിച്ച് അവർക്കത് പുണ്യകർമമായിരുന്നു. പക്ഷേ, ന്യൂജൻ മൗലവിമാർ നവ മുജ്തഹിദുകളായി ചമഞ്ഞ് ഇമാമീങ്ങളെ തള്ളി മൗലിദ് ശിർക്കാക്കി" (പേജ്: 25).

നബിദിനം ആഘോഷക്കാർ കാലങ്ങളായി പറഞ്ഞ് പരത്തുന്ന ഒട്ടും കഴമ്പില്ലാത്ത ആക്ഷേപമാണിത്. പഴയകാല സലഫി പണ്ഡിതന്മാർ ഇറക്കിയിരുന്ന അൽമുർശിദും അൽ ഇർശാദുമൊക്കെയാണ് ഇതിന് തെളിവായി ഇവർ ഉയർത്തിക്കാണിക്കാറുള്ളത്. എന്താണ് വസ്തുതയെന്ന് വ്യക്തമാകും വിധം പല തവണ ഇക്കാര്യം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സത്യത്തിൽ അവർ എഴുതിയ വരികളിൽ നബിﷺയുടെ ജീവിതത്തെ സംബന്ധിച്ചുള്ള ഉണർത്തലുകളും സുന്നത്ത് പതിവാക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള ഉത്ബോധനവും പുത്തനാചാരങ്ങൾക്ക് നേരെയുള്ള താക്കീതുകളുമാണ് അടങ്ങിയിട്ടുള്ളത്. ഇന്ന് സമസ്തക്കാർ നാൽപത് ദിവസത്തോളം നബിദിനം ആഘോഷിക്കും പ്രകാരം ആഘോഷിക്കാൻ അവരാരും പറഞ്ഞിട്ടില്ല. അവരുടെ വാക്കുകളിൽ നിന്ന് അത്തരമൊരാശയം ഉദ്ധരിക്കാൻ ഒരു മുസ്‌ലിയാർക്കും ഇന്ന് വരെ സാധിച്ചിട്ടുമില്ല. വിശ്വാസികൾ ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ അവരുടെ മേൽ കെട്ടിവെക്കുന്നതിന്റെ അപകടം ചെറുതല്ല എന്നേ പറയാനുള്ളൂ.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്" (ക്വുർആൻ 33:58).



മൗലിദാഘോഷം ശിർക്കാണെന്ന് മുജാഹിദുകൾ പറയുന്നു എന്ന വ്യാജമായ ആരോപണം ഇക്കൂട്ടർ നടത്താറുണ്ട്. വാസ്തവത്തിൽ അങ്ങനെ ആരും പറഞ്ഞിട്ടില്ല. മൗലിദാഘോഷം ബിദ്അത്താണ് എന്നാണ് പറയാറുള്ളത്. മൗലിദിന്റെ പേരിൽ നടത്തപ്പെടുന്ന ചടങ്ങുകളിൽ പാടുന്ന മാലകളിലും മറ്റും ശിർക്കിന്റെ വരികളും കള്ളക്കഥകളുമുണ്ട് എന്നാണ് മുജാഹിദുകൾ പറയുന്നത്. അതിന്റെ ചില ഉദാഹരണങ്ങളാണ് നാം നേരത്തെ നൽകിയത്.

ലേഖകൻ അദ്ദേഹത്തിന്റെ വലിയൊരു വേദന തുറന്നെഴുതുന്നത് നോക്കൂ: "മൗലിദ് വിരോധികൾ ഉന്നയിക്കുന്ന ഒരു ദുരാരോപണമാണ് അത് ശിയാക്കളിൽനിന്ന് ഉടലെടുത്ത് മുളഫർ രാജാവിലൂടെ വിപുലമായതാണെന്ന്" (പേജ്: 25).

ഇത് ദുരാരോപണമല്ല, മറിച്ച് വസ്തുതയാണ്. ശിയാ വിഭാഗമായ ഫാത്വിമിയാക്കളിലെ പ്രധാനിയായ ഉമറുബ്നു മുഹമ്മദ് അൽമുല്ലയാണ് ഈ അനാചാരത്തിന് തുടക്കമിട്ടതെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അയാളെ പിൻപറ്റിയാണ് മുളഫ്ഫർ രാജാവടക്കമുള്ളവർ ഇതിനെ വലുതാക്കിയത്. സമസ്തക്ക് ഇസ്‌ലാമിന്റെ വൈരികളായ ശിയാക്കളുമായുള്ള ആദർശബന്ധം പുറം ലോകമറിയുന്നതിൽ ജാള്യതയുണ്ട്. അതിനാൽത്തന്നെ സലഫികൾ ഈ സത്യം തുറന്നുപറയുന്നതിൽ അവർക്ക് അരിശമാണ്. എന്നാൽ മുളഫ്ഫർ രാജാവാണ് മൗലിദാഘോഷം വിപുലമാക്കിയതെന്ന് ഇവർ തന്നെ വർഷങ്ങൾക്കു മുമ്പ് എഴുതിവിട്ടിട്ടുണ്ട്.

"ആധുനിക രീതിയിൽ ഇന്ന് നടത്തപ്പെടുന്ന ആഘോഷ പരിപാടികളുടെ സ്ഥാപകൻ ആരായിരുന്നു? നമ്മുടെ കഥാപുരുഷനായ മുളഫർ രാജാവ്" (രിസാല മാസിക,1998 നവംബർ, പേജ്: 11).

"ഈ രൂപത്തിൽ, ഇതാദ്യമായി നടപ്പിൽ വരുത്തിയത് ഹിജ്റ 630ൽ (ക്രി.1233) ആഘായിൽ ശഹീദായ 'മുളഫ്ഫിർ അബൂസഈദ് ക്രൂക്ബൂരി' എന്ന ധർമ്മിഷ്ഠനും സുപ്രസിദ്ധനും യശസ്വിയുമായ രാജാവാണ്" (നുസ്രത്തുൽ അനാം മാസിക, 1996 ജൂൺ, പേജ് 13).

ഇനി പറയൂ? മുളഫ്ഫർ രാജാവിന്റെ പങ്ക് മൗലീദ് വിരോധികളുടെ ആരോപണമാണോ?

ഇത്തരം അനാചാരങ്ങൾക്കെതിരെ എക്കാലത്തും പണ്ഡിതന്മാർ രംഗത്ത് വന്നിട്ടുണ്ട്. ഹിജ്റ 734ൽ മരണപ്പെട്ട മാലികി മദ്ഹബിലെ പ്രമുഖ പണ്ഡിതൻ ഇമാം ഫാകിഹാനി(റഹി) പറഞ്ഞത് നിത്യ പ്രസക്തമാണ്:

"പരിശുദ്ധ ക്വുർആനിലോ നബിﷺയുടെ സുന്നത്തിലോ ഈ മൗലിദാഘോഷത്തിന് ഒരടിസ്ഥാനവും ഞാൻ കാണുന്നില്ല. പൂർവികരുടെ ചര്യ സ്വീകരിച്ചുകൊണ്ട് നിലനിന്നിരുന്ന മാതൃകായോഗ്യരായ (നബിﷺയുടെ സമുദായത്തിൽ പെട്ട) ഒരു പണ്ഡിതനിൽനിന്നും



അത് പ്രവർത്തിച്ചതായി ഉദ്ധരിക്കപ്പെടുന്നില്ല. മാത്രമല്ല അത് ബിദ്അത്താകുന്നു. ദേഹേഛക്കാരും അസത്യത്തിന്റെ ആളുകളുമാണ് അത് പുതുതായി ഉണ്ടാക്കിയത്. തീറ്റക്കൊതിയന്മാർ അത് കാര്യമായി ഏറ്റെടുത്തു. ഇതിനെ നാം അഞ്ച് മതവിധികൾക്ക് വിധേയമാക്കിയാൽ ഒന്നുകിൽ അത് നിർബന്ധമോ, ഐഛികമോ, അനുവദനീയമോ, നിഷിദ്ധമോ, കറാഹത്തോ ആയിരിക്കും. അതൊരിക്കലും നിർബന്ധമോ, ഐഛികമോ അല്ല എന്നത് ഐകകണ്ഠേനയുള്ള അഭിപ്രായമാണ്. കാരണം, ഐഛികമെന്ന് പറഞ്ഞാൽ ഉപേക്ഷിച്ചാൽ ആക്ഷേപിക്കാൻ പറ്റാത്ത, ശറഹ് ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. ഇതിന് മതം അനുമതി നൽകിയിട്ടില്ല. സ്വഹാബത്തോ, താബിഉകളോ ഞാൻ മനസ്സിലാക്കിയിടത്തോളം ദീനിൽ നിലകൊണ്ട പണ്ഡിതന്മാരോ ഇത് അനുഷ്ഠിച്ചിട്ടില്ല. അല്ലാഹുവിന്റെ മുമ്പിൽ എനിക്കുള്ള മറുപടി ഇതാണ്; ഇതൊരു അനുവദനീയമായ കാര്യമല്ല. കാരണം, മതത്തിൽ പുതിയതുണ്ടാക്കൽ അനുവദനീയമായ കാര്യമല്ലെന്നത് മുസ്‌ലിംകളുടെ ഇജ്മാഅ് ആണ്. ഇനി അവശേഷിക്കുന്നത് ഒന്നുകിൽ അത് നിഷിദ്ധമോ കറാഹത്തോ ആയിരിക്കുമെന്നതാണ്" (അൽമൗരിദ് ഫി അമലിൽ മൗലിദ്, പേജ് 20,21,22).

**(അവസാനിച്ചില്ല)**

ലേഖനം

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com



# സ്വർഗത്തിലേക്കു നയിക്കുന്ന കർമങ്ങൾ

3

### പ്രവാചക ചര്യ സ്വീകരിക്കൽ

ലോകർക്കാകമാനം കാരുണ്യമായി നിയോഗിക്കപ്പെട്ട മഹാനാണ് മുഹമ്മദ് നബിﷺ. ആ പ്രവാചക ജീവിതമാകട്ടെ ലോകാവസാനംവരെയുള്ളവർക്ക് മാതൃകയുമാണ്. അതിനാൽത്തന്നെ പ്രവാചക ചര്യയനുസരിച്ച് ജീവിക്കുന്ന വിശ്വാസികൾ സ്വർഗപ്രവേശനത്തിന് അർഹരുമാണ്.

അല്ലാഹു പറയുന്നു: "...നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക..." (ക്വുർആൻ 59:7).

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അ

ന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്" (ക്വുർആൻ 33:21).

"...വല്ലവനും അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുന്നപക്ഷം താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവനെ പ്രവേശിപ്പിക്കുന്നതാണ്. വല്ലവനും പിന്തിരിഞ്ഞുകളയുന്ന പക്ഷം വേദനയേറിയ ശിക്ഷ അവന്നു നൽകുന്നതാണ്" (ക്വുർആൻ 48:17).

അബൂഹുറയ്റ(റ) നിവേദനം; നബി(സ) പറഞ്ഞു: "എന്റെ സമുദായം മുഴുവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. വിസമ്മതിച്ചവൻ ഒഴികെ. ചോദിക്കപ്പെട്ടു: 'ആരാണ് വിസമ്മതിച്ചവൻ?' നബി(സ) പറഞ്ഞു: 'ആർ എന്നെ അനുസരിച്ചുവോ അവൻ സ്വർഗത്തിൽ പ്രവേശിച്ചു. ആർ എന്നെ ധിക്കരിച്ചുവോ അവനാണ് വിസമ്മതിച്ചവൻ" (ബുഖാരി: 7280).

അല്ലാഹുവിനെ സ്നേഹിക്കുന്നവരാകുവാനും പാപങ്ങൾ പൊറുക്കപ്പെടുവാനും പ്രവാചകചര്യ പിൻപറ്റണമെന്ന് അല്ലാഹു നമ്മെ അറിയിക്കുന്നുണ്ട്: "(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 3:31).

## അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ട് മതം പഠിക്കൽ

ഇസ്‌ലാം വിജ്ഞാനം തേടുന്നതിനെ ഏറെ പ്രോത്സാഹിപ്പിക്കുന്ന മതമാണ്. പരലോകവിജയത്തിന് മതത്തെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്.

അനസുബ്നു മാലിക്(റ) നിവേദനം; നബി(സ) പറഞ്ഞു: "അറിവ് നേടൽ ഓരോ മുസ്‌ലിമിനും നിർബന്ധമാണ്" (ഇബ്നുമാജ: 224).

അല്ലാഹു പറയുന്നു: "പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ"(ക്വുർആൻ 39:9).

അല്ലാഹു പദവികൾ ഉയർത്തിക്കൊടുക്കുക വിശ്വാസവും അറിവും ഉള്ളവർക്കാണ്: "നിങ്ങളിൽനിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 58:11).

അബൂഹുറയ്റ(റ) നിവേദനം; നബി(സ) പറഞ്ഞു: "ആരെങ്കിലും അറിവ് അന്വേഷിച്ച് ഒരു വഴിയിൽ പ്രവേശിച്ചാൽ അവന് അല്ലാഹു സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കികൊടുക്കും" (തിർമുദി: 2946).

അറിവ് അന്വേഷിക്കുന്നതിന്റെയും പഠിക്കുന്നതിന്റെയും ശ്രേഷ്ഠതയും മഹത്ത്വവും വിവരിക്കുന്ന പ്രവാചകവചനങ്ങൾ ധാരാളമാണ്.

## സൽസ്വഭാവമുള്ളവരായിരിക്കുക

അബൂഹുറയ്റ(റ) നിവേദനം: "ജനങ്ങൾ ധാരാളമായി സ്വർഗത്തിൽ പ്രവേശിക്കുന്ന കാര്യത്തെക്കുറിച്ച് നബി(സ) ചോദിക്കപ്പെട്ടു. നബി(സ) പറഞ്ഞു: 'ഭക്തിയും സൽസ്വഭാവവും.' പിന്നെ ചോദിക്കപ്പെട്ടു; ജനങ്ങളിൽ അധികവും നരകത്തിൽ പ്രവേശിക്കുന്നതിനെപ്പറ്റി. അപ്പോൾ നബി(സ) പറഞ്ഞു: 'വായയും (നാവും) ഗുഹ്യാവയവും" (തിർമുദി: 2004).

നബി(സ)യുടെ സ്വഭാവത്തെക്കുറിച്ച് പത്നി ആഇശ(റ) ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞ മറുപടി 'നബി(സ)യുടെ സ്വഭാവം ക്വുർആനായിരുന്നു' എന്നാണെന്ന് ഇമാം മുസ്‌ലിം ഉദ്ധരിച്ച ഹദീഥിൽ കാണാം.

ശൈഖ് അബ്ദുൽഅസീസ് സൽമാൻ പറഞ്ഞു: 'മഹത്ത്വമേറിയ സ്വഭാവത്തിന് ആറ് ഗുണങ്ങളുണ്ട്: 1) മുഖപ്രസന്നത. 2) നന്മ ചെയ്യൽ. 3) ഉപദ്രവം തടയൽ. 4) നല്ല സംസാരം. 5) കുറഞ്ഞ കോപം. 6) പ്രയാസങ്ങളിൽ ക്ഷമിക്കൽ.

'താങ്കൾ മഹത്തായ സ്വഭാവത്തിലാകുന്നു' എന്ന് നബി(സ)യോട് അല്ലാഹു പറഞ്ഞതായി ക്വുർആനിൽ കാണാം.

> **അലി(റ) പറഞ്ഞു; നബി(സ്വ) പറയുന്നതായി ഞാൻ കേട്ടു: "ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ പ്രഭാത സമയത്ത് രോഗസന്ദർശനം നടത്തുന്നില്ല; വൈകുന്നേരംവരെ എഴുപതിനായിരം മലക്കുകൾ അവന്ന് കാരുണ്യത്തിനായി പ്രാർഥിക്കാതെ. വൈകുന്നേര സമയത്താണ് അയാൾ മുസ്‌ലിമിനെ രോഗസന്ദർശനം നടത്തുന്നതെങ്കിൽ എഴുപതിനായിരം മലക്കുകൾ പ്രഭാതംവരെ അവന്ന് കാരുണ്യത്തിനായി പ്രാർഥിക്കുന്നതാണ്. അവന്ന് സ്വർഗത്തിൽ പറിക്കപ്പെട്ട കനികളുണ്ട്." (തിർമിദി: 969)**

## അല്ലാഹുവിനോട് സ്വർഗം ചോദിക്കൽ

വിശ്വാസികൾ അല്ലാഹുവിനോട് സദാ സ്വർഗം ചോദിക്കുകയും നരകത്തിൽ നിന്ന് രക്ഷ ചോദിക്കുകയും വേണം.

അനസ്ﷺ നിവേദനം; നബിﷺ പറഞ്ഞു: "ആരെങ്കിലും മൂന്നു പ്രാവശ്യം അല്ലാഹുവിനോട് സ്വർഗം ചോദിച്ചാൽ സ്വർഗം അല്ലാഹുവിനോട് പറയും: 'അല്ലാഹുവേ, അദ്ദേഹത്തെ നീ സ്വർഗത്തിൽ പ്രവേശിപ്പിക്കണേ.' ആരെങ്കിലും മൂന്നുതവണ നരകത്തിൽനിന്ന് രക്ഷചോദിച്ചാൽ നരകം അല്ലാഹുവിനോട് പറയും: 'അല്ലാഹുവേ, അദ്ദേഹത്തെ നീ നരകത്തെ തൊട്ട് കാക്കണേ" (തിർമിദി: 2572).

ഉടമസ്ഥനായ റബ്ബിനോട് അടിമയായ ദാസൻ ആവശ്യങ്ങൾ ഉന്നയിച്ച് പ്രാർഥിച്ചാൽ തീർച്ചയായും അല്ലാഹു ഉത്തരം നൽകിയിരിക്കും.

"...പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചുപ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്..." (ക്വുർആൻ 2:186).

അതിനാൽ ഓരോ വിശ്വാസിയും രാവിലെയും വൈകുന്നേരവും തന്റെ റബ്ബിനോട് ഇപ്രകാരം പ്രാർഥിച്ചു കൊള്ളട്ടെ: "അല്ലാഹുവേ, ഞാൻ നിന്നോട് സ്വർഗം ചോദിക്കുന്നു. നരകത്തിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു."



## രോഗിയെ സന്ദർശിക്കലും അല്ലാഹുവിന്റെ മാർഗത്തിലുള്ള സൗഹൃദ സന്ദർശനവും

ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യതകൾ പറയുന്ന ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞതുകാണാം: "അവൻ രോഗിയായാൽ സന്ദർശനം നടത്തുക."

ഒരു മുസ്‌ലിം രോഗിയായിരിക്കെ അയാളെ സന്ദർശിക്കലും അയാളെ ആശ്വസിപ്പിക്കലും അയാൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ഇല്ലാതാകുവാനായി അല്ലാഹുവിനോടു പ്രാർഥിക്കലും വളരെ പുണ്യമുള്ള കാര്യമാണ്.

അലിﷺ പറഞ്ഞു; നബിﷺ പറയുന്നതായി ഞാൻ കേട്ടു: "ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ പ്രഭാത സമയത്ത് രോഗസന്ദർശനം നടത്തുന്നില്ല; വൈകുന്നേരംവരെ ഏഴുപതിനായിരം മലക്കുകൾ അവന്ന് കാരുണ്യത്തിനായി പ്രാർഥിക്കാതെ. വൈകുന്നേര സമയത്താണ് അയാൾ മുസ്‌ലിമിനെ രോഗസന്ദർശനം നടത്തുന്നതെങ്കിൽ എഴുപതിനായിരം മലക്കുകൾ പ്രഭാതംവരെ അവന്ന് കാരുണ്യത്തിനായി പ്രാർഥിക്കുന്നതാണ്. അവന്ന് സ്വർഗത്തിൽ പറിക്കപ്പെട്ട കനികളുണ്ട്" (തിർമിദി: 969).

മുസ്‌ലിമായ ഒരു രോഗിയെ സന്ദർശിക്കുന്നവന്ന് നാലുരൂപത്തിൽ പ്രതിഫലം ലഭിക്കുന്നു:

1) കാരുണ്യവാനും കരുണാനിധിയുമായ രക്ഷിതാവിന്റെ കാരുണ്യം നേടിയെടുക്കുന്നു.

2) എഴുപതിനായിരം മലക്കുകൾ അവനുവേണ്ടി പ്രാർഥിക്കുന്നു. (രോഗിയെ പ്രഭാതത്തിൽ സന്ദർശിച്ചവന് വൈകുന്നേരംവരെയും വൈകുന്നേരം സന്ദർശിച്ചവന് പ്രഭാതംവരെയും).

3) സ്വർഗപ്രവേശം ലഭിക്കുന്നു.

4) സ്വർഗത്തിലെ ഫലങ്ങൾ പറിക്കാനും കഴിക്കാനുമുള്ള സൗഭാഗ്യം.

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "ഒരു മനുഷ്യൻ തന്റെ സഹോദരനെ രോഗാവസ്ഥയിൽ സന്ദർശനം നടത്തി, അല്ലെങ്കിൽ ഒരു സൗഹാർദ സന്ദർശനം നടത്തി. (എങ്കിൽ) അയാളോട് അല്ലാഹു പറയും: 'നീ നല്ലത് ചെയ്തു. നീ നിന്റെ നടത്തം നന്നാക്കി. സ്വർഗത്തിൽ നിനക്കൊരു വീട് നീ തയ്യാറാക്കി" (തിർമുദി: 2008).

ഥൗബാനിﷺൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "വല്ലവനും ഒരു രോഗിയെ സന്ദർശിച്ചാൽ താൻ മടങ്ങുന്നതുവരെ അയാൾ സ്വർഗീയ പഴങ്ങളിലും തോട്ടങ്ങളിലുമാകുന്നു" (മുസ്‌ലിം: 2568).

രോഗിയെ സന്ദർശിക്കുന്നതിന്റെയും അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് സൗഹാർദ സന്ദർശനം നടത്തുന്നതിന്റെയും മഹത്ത്വവും അവർക്ക് ലഭിക്കു

ന്ന പ്രതിഫലവും മുകളിൽ ഉദ്ധരിച്ച ഹദീഥുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ഒരു സംഭവം കൂടി കാണുക: അനസ്ؓ നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺക്ക് സേവനം ചെയ്തിരുന്ന ജൂതനായ ഒരു കുട്ടി രോഗിയായപ്പോൾ നബിﷺ ആ കുട്ടിയെ രോഗസന്ദർശനം നടത്തി. ആ കുട്ടിയുടെ തലക്കരികിൽ ഇരുന്നുകൊണ്ട് നബിﷺ പറഞ്ഞു: 'മോനെ, നീ മുസ്‌ലിമാവുക.' അപ്പോൾ കുട്ടി തന്റെ പിതാവിലേക്ക് നോക്കി. പിതാവ് പറഞ്ഞു: 'മോനേ, നീ അബുൽകാസിം പറഞ്ഞത് അനുസരിക്കുക.' അങ്ങനെ ആ കുട്ടി ഇസ്‌ലാം സ്വീകരിച്ചു. ആ വീട്ടിൽനിന്ന് പുറത്തിറങ്ങിയപ്പോൾ നബിﷺ പറഞ്ഞു: 'അവനെ നരകത്തിൽനിന്ന് രക്ഷപ്പെടുത്തിയ അല്ലാഹുവേ, നിനക്കാണ് സർവസ്തുതിയും" (ബുഖാരി: 1356).

രോഗികളെ സന്ദർശിക്കുന്നതിൽ മതവിവേചനം കാണിക്കാൻ പാടില്ലെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ഒരു മുസ്‌ലിം എന്ന നിലയ്ക്ക് തന്റെ ഉത്തരവാദിത്ത നിർവഹണവും നടത്തേണ്ടതുണ്ട്.

### അനാഥരെ സംരക്ഷിക്കൽ

പ്രായപൂർത്തിയെത്തുന്നതിനു മുമ്പ് പിതാവ് മരണപ്പെട്ട കുട്ടിയാണ് യതീം അഥവാ അനാഥൻ. അത്തരം യതീമുകളെ സംരക്ഷിക്കൽ സമൂഹത്തിന്റെ ബാധ്യതയാണ്. യതീമുകളെ സംരക്ഷിച്ചാൽ ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് നബിﷺ പറയുന്നത് കാണുക:

അബൂഹുറയ്റ ؓ നിവേദനം; നബിﷺ പറഞ്ഞു: "ഞാനും യതീമിനെ സംരക്ഷിച്ചവനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും-അവിടുന്ന് തന്റെ ചൂണ്ടുവിരലും നടുവിരലും ചേർത്ത് പിടിച്ച് കാണിച്ചുതന്നു" (ബുഖാരി: 5304).

ഒരാൾ വന്ന് നബിﷺയോട് തന്റെ മനസ്സിന്റെ കാഠിന്യത്തെതൊട്ട് പരാതി പറഞ്ഞപ്പോൾ നബിﷺ അദ്ദേഹത്തോട് പ്രതിവചിച്ചു: 'നിന്റെ ഹൃദയം ലോലമാവണമെന്നും നിന്റെ ആവശ്യം നടക്കണമെന്നും നീ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ നീ യതീമിനോട് കരുണകാണിക്കുകയും അവന്റെ തലതടവുകയും നിന്റെ ഭക്ഷണത്തിൽനിന്ന് അവനെ ഭക്ഷിപ്പിക്കുകയും ചെയ്യുക. എങ്കിൽ നിന്റെ ഹൃദയം ലോലമാവുകയും നിന്റെ ആവശ്യം നിറവേറ്റപ്പെടുകയും ചെയ്യും."

### വഴിയിൽനിന്നും ഉപദ്രവങ്ങൾ നീക്കംചെയ്യൽ

നാം സഞ്ചരിക്കുന്ന വഴി ഉപദ്രവമുക്തമാവേണ്ടതുണ്ട്. സുരക്ഷിതമായി സഞ്ചരിക്കുന്നതിന് തടസ്സമായ വല്ലതും വഴിയിൽ കണ്ടാൽ അത് അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് നീക്കം ചെയ്യുന്നത് സ്വർഗപ്രവേശനത്തിന് സഹായകമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. മറ്റുള്ളവർക്ക് അത് വലിയ സഹായമാണ്. നിർഭയത്വം നൽകുന്നതുമാണ്.

"
**ഒരാൾ വന്ന് നബി(സ്വ)യോട് തന്റെ മനസ്സിന്റെ കാഠിന്യത്തെതൊട്ട് പരാതി പറഞ്ഞപ്പോൾ നബില അദ്ദേഹത്തോട് പ്രതിവചിച്ചു: 'നിന്റെ ഹൃദയം ലോലമാവണമെന്നും നിന്റെ ആവശ്യം നടക്കണമെന്നും നീ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ നീ യതീമിനോട് കരുണകാണിക്കുകയും അവന്റെ തലതടവുകയും നിന്റെ ഭക്ഷണത്തിൽ നിന്ന് അവനെ ഭക്ഷിപ്പിക്കുകയും ചെയ്യുക. എങ്കിൽ നിന്റെ ഹൃദയം ലോലമാവുകയും നിന്റെ ആവശ്യം നിറവേറ്റപ്പെടുകയും ചെയ്യും."**
"

അബൂഹുറയ്റؓ നിവേദനം; നബിﷺ പറഞ്ഞു: "തീർച്ചയായും ഒരു വൃക്ഷം കാരണത്താൽ സ്വർഗത്തിൽ വിഹരിക്കുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടു. അയാൾ ജനങ്ങൾക്ക് പ്രയാസമായിക്കൊണ്ട് വഴിയിൽ നിന്നിരുന്ന ആ വൃക്ഷത്തെ മുറിച്ചുമാറ്റി" (മുസ്‌ലിം: 1914).

അബൂഹുറയ്റؓ നിവേദനം; നബിﷺ പറഞ്ഞു: "ഒരാൾ വഴിയിലുണ്ടായിരുന്ന ഒരു മരക്കൊമ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോൾ അയാൾ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, മുസ്‌ലിംകൾക്ക് വേണ്ടി ഞാനിത് (വഴിയിൽ നിന്ന്) നീക്കുകതന്നെ ചെയ്യും. ഇത് അവരെ ബുദ്ധിമുട്ടിക്കരുത്.' അതോടെ അയാൾ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടു" (മുസ്‌ലിം: 1914).

ഇന്ന് ചിലർ മറ്റുചിലരെ ഉപദ്രവിക്കാൻ വേണ്ടി മനഃപൂർവം വഴിയിൽ തടസ്സങ്ങൾ ഉണ്ടാക്കുന്നത് നാം കാണാറുണ്ട്. ഒരു വിശ്വാസി എന്തിന്റെ പേരിലായാലും അങ്ങനെ ചെയ്തുകൂടാ.

നബിﷺ പറഞ്ഞു: "ഈമാനിന് (വിശ്വാസത്തിന്) എഴുപതിൽപരം ശാഖകളുണ്ട്. അതിലേറ്റവും ശ്രേഷ്ഠം 'ലാ ഇലാഹ ഇല്ലല്ലാഹ്' ആണ്. ഏറ്റവും ഒടുവിലത്തേത് വഴിയിൽനിന്ന് തടസ്സം നീക്കലാണ്. ലജ്ജ ഈമാനിന്റെ ഭാഗമാണ്" (മുസ്‌ലിം: 35). (തുടരും)

മുംതസിർ പെരിങ്ങത്തൂർ
mail@nerpatham.com

കവിത



# ചടങ്ങ്

പിറകിൽനിന്ന്
പാലംവലിച്ചും
വാക്കുകളാൽ
ഹൃദയത്തെ പിളർത്തിയും
ജനമധ്യത്തിൽ
മാനംകെടുത്തിയും
അതിസമർഥമായി
സ്വത്ത് അപഹരിച്ചും
നാനാവിധം
തോൽപിക്കാൻ ശ്രമിച്ചവൻ
എന്നെയും കുടുംബത്തെയും
നൊമ്പരച്ചുഴിയിലാഴ്ത്തിയവൻ,
അവൻ ഇന്നലെയെന്നെ
കാണാൻ വന്നിരുന്നു!
ഫോണിലെ നോട്ടിഫിക്കേഷനുകൾ
മാറി മാറി നോക്കുന്നതിനിടയിൽ,
മുമ്പേ ഫിറ്റ് ചെയ്തുവെച്ച
പാതിവെന്ത ചിരിയുമായി
അയാൾ ബോധിപ്പിച്ചു:
'എന്തേലും അനിഷ്ടമുണ്ടെങ്കിൽ
പൊരുത്തപ്പെടണം,
ഞാൻ ഇത്തവണയും
ഹജ്ജിനു പോകുന്നു...'
ഞാൻ ആലോചനയിൽനിന്നും
ഞെട്ടിയുണരും മുമ്പ്
അയാൾ വണ്ടി സ്റ്റാർട്ട് ചെയ്തിരുന്നു!
പാവം!
അയാൾ വീണ്ടും ഹജ്ജിന് പോയിട്ടുണ്ട്.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ്

# നേർപഥം MEGA Online Quiz



## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ഒരു നമ്പറിൽ നിന്ന് ഒന്നിലധികം ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമുണ്ടാവും.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 197

**ഒന്നാം സമ്മാനം:**
Fathima MB, Taliparamba, Kannur

**രണ്ടാം സമ്മാനം:**
Sajiya, Karuvarakundu, Malappuram

**മൂന്നാം സമ്മാനം:**
Sajeena MK, Kanjiramattom, Ernakulam

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 NOVEMBER 14

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ് സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**ഇപ്പോൾ രണ്ട് മത്സരങ്ങളിൽ ഒരുമിച്ച് പങ്കെടുക്കാൻ അവസരം...!!!**
**മത്സരങ്ങൾ, എല്ലാ ഞായറാഴ്ചയും 10 AM മുതൽ... ഉത്തരങ്ങൾ സ്വീകരിക്കാൻ 14 ദിവസം...!!**